# രാജർഷി

| പുസ്തകം 8 | 1117 തുലാം | ലക്കം 3 |
| --- | --- | --- |

## മംഗളം.

—*—

അക്ഷാമം പാവനശ്രീപ്പൊലിമ വിലസിടു-
ന്നോരു രാജ്യാശ്രമേ സ-
ദ്രക്ഷായോഗത്തിനാലേ തപമനവധിയാ-
ർജ്ജിച്ചു വാണുള്ള ധന്യൻ,
വീക്ഷാപ്രാഗത്ഭ്യമൊന്നാൽ പ്രകൃതിഗതിനിയ-
ന്ത്രിച്ച ഗംഭീരഹൃത്താ-
സ്സാക്ഷാദ്രാജർഷി "രാജർഷി"യിലഭിമതസ-
മ്പൂത്തി ചാർത്തട്ടെ നിത്യം!

ചെറുളിയിൽ കുഞ്ഞുണ്ണി നമ്പീശൻ.

## സംസ്കൃതപഠനം ധർമ്മനിർണ്ണയത്തിന്നു്.

ഹൈന്ദവമതസിദ്ധാന്തങ്ങൾ അറിയുവാൻ മററു് ഏതു നാട്ടുഭാഷയെക്കാളും നല്ലതു് സംസ്കൃതഭാഷയാണു്. അതുകൊണ്ടു് ഹിന്തുക്കളുടെ സംസ്കൃതപഠനോദ്ദേശം സ്വന്തം മതസിദ്ധാന്തങ്ങൾ അറിയുക എന്നായിരിക്കേണം എന്നുപറയുന്നതിൽ യാതൊരു തെററും ഇല്ല. സ്വഭാവശുദ്ധീകരണം, നല്ലകാര്യങ്ങൾക്കുവേണ്ടി മനസ്സിനെ നിയമിക്കുവാനുള്ള ശക്തി, ലോകഹിതങ്ങളായ ധർമ്മങ്ങളെ ലൌകികജീവിതത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കുക, ഏവംവിധങ്ങളായ പ്രവൃത്തികൾകൊണ്ടു് ഉൽകൃഷ്ട പൌരനായി ജീവിക്കുക എന്നുള്ളതാണു് ഹൈന്ദവമതസിദ്ധാന്തങ്ങൾ 'അറിയുക' എന്നുള്ളതുകൊണ്ടു് ഇവിടെ വിവക്ഷിച്ചിട്ടുള്ളതു്. ഈ

ഉദ്ദേശസിദ്ധിക്ക് ഉതകുന്ന സംസ്കൃതപഠനരീതി എങ്ങിനെ ആയിരിക്കണം എന്നുള്ളതിനെപ്പററി ചിന്തിക്കുന്നതിന്നുമുമ്പ് ഇപ്പോൾ നടന്നുവരുന്ന ആ പഠനസമ്പ്രദായത്തെപ്പററി രണ്ടുവാക്കു പറയുന്നു.

ഇംഗ്ലീഷ് സ്കൂളുകളിൽ ഉപഭാഷയായി ചിലർ സംസ്കൃതം പഠിക്കുന്നു. സംസ്കൃതം മാത്രം പ്രധാനമായി പഠിപ്പിക്കുന്ന സ്കൂളുകളും ഉണ്ട്. ഗ്രാമാന്തരങ്ങളിൽവെച്ച് ഗുരുനാഥന്മാരുടെ അടുക്കൽ പണ്ടത്തെ സമ്പ്രദായപ്രകാരമുള്ള സംസ്കൃതപഠനവും നടക്കുന്നില്ലെന്നില്ല. ഇങ്ങിനെ മൂന്നുതരത്തിലാണ് സംസ്കൃതപഠനം ഇന്ന് പ്രചരിച്ചുകൊണ്ടിരിക്കുന്നതെന്ന് സാമാന്യേന പറയാം. ഇവയിൽ ഓരോന്നിനേപററിയും അല്പമൊന്ന് ചിന്തിക്കട്ടെ.

ഇംഗ്ലീഷ് സ്കൂളിൽ നടന്നുകൊണ്ടിരിക്കുന്ന സംസ്കൃതപഠനം കൊണ്ട് പറയത്തക്ക യാതൊരു ഗുണവും ഉണ്ടാകുന്നില്ല. സ്കൂളിൽ പഠിക്കുന്നത് പരീക്ഷ പാസ്സാവാൻ, പരീക്ഷ പാസ്സാവുന്നത് ഉദ്യോഗം സമ്പാദിപ്പാൻ, ഇങ്ങിനെ ഉദ്യോഗത്തിലിറങ്ങിയാൽ സ്കൂളിൽ പഠിച്ചതെല്ലാം മറക്കുക, ഇത്തരത്തിലുള്ള ഒരു നിലയാണ് പ്രായേണ കണ്ടുവരുന്നത്. ഉദ്യോഗനിർവ്വഹണകാര്യത്തിൽ സംസ്കൃതപരിജ്ഞാനംകൊണ്ട് പ്രയോജനം ഒന്നും ഇല്ലാത്തതിനാൽ, സംസ്കൃതവിദ്യാർത്ഥികൾ ജീവിതായോധനത്തിൽ ഇറങ്ങി പ്രവൎത്തിച്ചുതുടങ്ങിയാൽ സ്കൂളിൽവെച്ച് പഠിച്ച സംസ്കൃതത്തിനേപ്പററി ചിന്തിക്കപോലും സാധാരണ പതിവില്ല. കുറേ സംസ്കൃതപണ്ഡിതന്മാൎക്ക് ഉദ്യോഗമുണ്ടാക്കിക്കൊടുക്കുക, പുസ്തകക്കച്ചവടക്കാൎക്ക് കുറെ സംസ്കൃതപുസ്തകങ്ങൾ വില്ക്കുവാനവസരം ഉണ്ടാക്കുക, ഗവൎമ്മേണ്ടുകൾ സംസ്കൃതഭാഷക്കുവേണ്ടി കുറേ ഉറുപ്പിക ചിലവിടുന്നുണ്ടെന്ന് വരുത്തിക്കൂട്ടുക, ഇവ മൂന്നും ഇംഗ്ലീഷ്സ്കൂളിലെ സംസ്കൃതപഠനംകൊണ്ട് ഉണ്ടാവുന്നുണ്ട്. ഇംഗ്ലീഷ് സ്കൂളുകളിലെ സംസ്കൃതപഠനംകൊണ്ട് അതിതുച്ഛമായ ഫലമേ ഉണ്ടാവുന്നുള്ളൂ എന്നു സാരം. സംസ്കൃതസ്കൂളുകളിലെ നില നോക്കട്ടെ.

സംസ്കൃതം മാത്രം പഠിക്കുന്ന സ്കൂളുകളിൽനിന്ന് സംസ്കൃതഭാഷയിൽ നല്ല പാണ്ഡിത്യം സിദ്ധിച്ചവർ പുറത്തേക്കു വന്നുകൊണ്ടിരിക്കുന്നുണ്ടെന്നുള്ളതു് വാസ്തവം തന്നെ. എങ്കിലും അവിടേയും പല പോരായ്മകളും ഉണ്ട്. പണ്ടത്തെ സംസ്കൃതപഠനരീതിയിലുള്ള ന്യൂനതകളും ഇന്നത്തെ സാധാരണ സ്കൂളുകളിൽ കണ്ടുവരുന്ന പോരായ്മകളും കൂടിച്ചേൎന്നാണ് സംസ്കൃതസ്കൂളിൽ കാണപ്പെടുന്നതു്. അവയെന്തെന്നു പറയാം. ഒരു ശാസ്ത്രം പഠിക്കുമ്പോൾ ആ ശാസ്ത്രത്തിൽ

ശരിയായ ജ്ഞാനം സമ്പാദിക്കുന്നതിനേക്കാൾ പരീക്ഷയിലെ വിജയപ്രാപ്തിക്ക് പ്രാധാന്യംകൊടുക്കുക എന്നുള്ളതു് സാധാരണ സ്കൂളിൽ കാണുന്ന ഒരു ദോഷമാണ്. ഈ ദോഷം സംസ്കൃതസ്കൂളുകളിലും ഉണ്ട്. സംസ്കൃതവിദ്യാലയങ്ങളിലെ വിദ്യാൎത്ഥികളോട് പഠിച്ചതിനേപ്പററി വല്ലതും ചോദിച്ചാൽ, 'ഇതു് പരീക്ഷക്ക് വരാത്തവിഷയമാണ്. ഇതു് ഞങ്ങൾ അത്ര നിഷ്കൎഷിച്ചു പഠിച്ചിട്ടില്ല' എന്നവർ നിസ്സങ്കോചം പറയുന്നതുകാണാം. ഗുരുഭക്തി എന്നുള്ളതു് ഭാരതീയരുടെ ഒരു ഉത്തമഗുണമായിരുന്നു. ഇംഗ്ലീഷ്‌വിദ്യാലയങ്ങളിൽ ഗുരുഭക്തിക്ക് വലിയ സ്ഥാനമൊന്നും കാണുന്നില്ല. ഗുരുഭക്തി ഇല്ലായ്മ എന്നുള്ളതു് സംസ്കൃതവിദ്യാലയങ്ങളിലും കടന്നുകൂടിത്തുടങ്ങിയിരിക്കുന്നു. ഇനി പണ്ടത്തെ ദോഷങ്ങൾ എന്തെല്ലാമെന്ന് നോക്കട്ടെ. വേദമില്ലാത്ത വേദാന്തപഠനം, വാദഗ്രന്ഥപഠനത്തിന്ന് സൎവ്വപ്രാധാന്യം കൊടുക്കുക, ഇങ്ങിനെ രണ്ടു ദോഷങ്ങൾ കുറേ അധികം നൂററാണ്ടുകൾക്കു മുമ്പു തന്നെ ഭാരതത്തിലെ സംസ്കൃതപഠനത്തിൽ വന്നുചേൎന്നിട്ടുണ്ട്. ഇവ രണ്ടും ഇന്നത്തെ സംസ്കൃതവിദ്യാലയങ്ങളിലും നടപ്പായിട്ടുണ്ട്. ആൎയ്യസമാജത്തിന്റെ പ്രവൎത്തകനായ ദയാനന്ദസരസ്വതിയേപ്പോലെ സംസ്കൃതഭാഷയിലെ നാനാമുഖങ്ങളായ വിഷയങ്ങളിൽ അപാരപാണ്ഡിത്യം സമ്പാദിച്ച ഒരു മഹാൻ ഭാരതത്തിൽ അടുത്തകാലത്തെങ്ങും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. ദയാനന്ദസരസ്വതി താൻ ഉണ്ടാക്കിയ 'സത്യാൎത്ഥപ്രകാശം' എന്ന ഗ്രന്ഥത്തിൽ വാദഗ്രന്ഥപഠനത്തിന്റെ നിരൎത്ഥകതയെ വിശദമാക്കിയിട്ടുണ്ട്. വേദമില്ലാത്ത വേദാന്തപഠനം ഏതുകാലത്തു് എങ്ങിനെ നടപ്പാവാൻ തുടങ്ങി എന്നുള്ളതിനേപ്പററി അടുത്തു തന്നെ പറയാൻ പോകുന്നുണ്ട്. ഇംഗ്ലീഷ്‌സ്കൂളുകളിലും സംസ്കൃതസ്കൂളുകളിലും സാധാരണ കണ്ടുവരാറുള്ള ഒരു ദോഷത്തെക്കൂടി ഇവിടെ കാണിക്കട്ടെ. അതു മറെറാന്നുമല്ല. ഉച്ചാരണത്തിൽ നിഷ്കൎഷയില്ലായ്മ എന്നുള്ളതാണ് അതു്. ഇംഗ്ലീഷ്‌സ്കൂളുകളിലെ സംസ്കൃതവിദ്യാൎത്ഥികളുടെ സംസ്കൃതോച്ചാരണം കേട്ടാൽ എന്തുഭാഷയാണെന്നുള്ളതുതന്നെ അറിയുവാൻ പ്രയാസമായിത്തീരും. വിദ്യാഭ്യാസഡിപ്പാൎട്ടുമെന്റിൽ അനേകം ഇൻസ്പെക്ടൎമാരും മററും ഉണ്ടായിട്ടും ഇത്ര കൎണ്ണാരുന്തുദമായി സംസ്കൃതഭാഷ ഉച്ചരിക്കപ്പെട്ടുന്നതു് കഷ്ടാൽകഷ്ടതരമെന്ന് പറയട്ടെ. പണ്ടത്തെമട്ടിൽ ഗുരുനാഥന്മാരുടെ അടുത്തു് ഗ്രാമങ്ങളിലും മററും നടന്നുവരുന്ന പഠനരീതിയെപ്പററിയും അല്പമൊന്നാലോചിക്കാം.

കാവ്യം പഠിക്കുന്നതു് തർക്കം മുതലായ ശാസ്ത്രങ്ങൾ പഠിപ്പാൻ, തർക്കം മുതലായശാസ്ത്രപഠനം വേദാന്തം പഠിക്കുവാൻ, ഇങ്ങിനെ തുടച്ചയിൽതന്നെ വേദാന്തത്തെ ലക്ഷ്യമാക്കുന്നു. വേദമില്ലാത്ത വേദാന്തം അനിഷ്ടപര്യവസായിയായി കലാശിക്കുന്നു. അതു് എങ്ങിനെ എന്നു നോക്കാം. ലൌകികജീവിതത്തിൽ അവശ്യം അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെ സംസ്കൃതവിദ്യാർത്ഥികളെ പഠിപ്പിക്കുക വളരെ ചുരുക്കമെന്നു പറയട്ടെ. ബീജഗണിതം, ക്ഷേത്രഗണിതം മുതലായ കണക്കുശാസ്ത്രഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിൽ ധാരാളമുണ്ടു്. പക്ഷെ സംസ്കൃതവിദ്യാർത്ഥികളെ കണക്കുശാസ്ത്രം പഠിപ്പിക്കാറില്ല. ശരീരം, ആരോഗ്യം, ശുചീകരണം മുതലായ വിഷയങ്ങളെപ്പററിയും യാതൊന്നും പഠിപ്പിക്കാറില്ല. ധർമ്മശാസ്ത്രപ്രകാരമുള്ള ജീവിതരീതി ആരോഗ്യത്തിന്നും ശുദ്ധിക്കും യോജിച്ചതാണ്. അങ്ങിനെ ജീവിക്കുന്നവരെ ആരോഗ്യാദിവിഷയങ്ങളെപ്പററി പഠിപ്പിക്കേണ്ടാ എന്നായിരിക്കുമൊ പണ്ടുള്ളവരുടെ ധാരണ എന്നറിഞ്ഞുകൂടാ. രാജനീതി, ധനശാസ്ത്രം, കൃഷിശാസ്ത്രം തുടങ്ങി നിത്യജീവിതോപയോഗികളായ അനേകശാസ്ത്രങ്ങൾ സംസ്കൃതഭാഷയിൽ ഉണ്ടു്. ആവക ശാസ്ത്രങ്ങളേയും സാധാരണ പഠിക്കുകയില്ലെന്നു് പറയാം. തർക്കം മുതലായ ശാസ്ത്രങ്ങളിൽ നല്ല പാണ്ഡിത്യം സമ്പാദിച്ചാൽ മററു ശാസ്ത്രങ്ങളുടെ സ്വരൂപജ്ഞാനം തന്നെത്താൻ വായിച്ചുണ്ടാക്കാം. പ്രത്യേകശാസ്ത്രത്തിൽ പാണ്ഡിത്യം സമ്പാദിക്കുവാനാഗ്രഹിക്കുന്നവർ ആ ശാസ്ത്രത്തിൽ നല്ല അറിവുള്ളവൻെറ അടുത്തുപോയി പഠിച്ചുകൊള്ളട്ടെ എന്നായിരിക്കാം അന്നുള്ളവർ വിചാരിച്ചിരുന്നതു്. ഏതായാലും സംസ്കൃതപഠനത്തിൽ ലൌകികജ്ഞാനസമ്പാദനമാർഗ്ഗം തീരെ ഇല്ലെന്നുള്ള മട്ടിൽ കാര്യം വന്നുചേൻറു മാത്രമല്ല ധർമ്മസംബന്ധമായ വിചാരവും ഇത്തരത്തിലുള്ള പഠനംകൊണ്ടു് സങ്കുചിതമാവാൻ തുടങ്ങി. അതു് എങ്ങിനെ എന്നു് നോക്കാം.

വേദം പ്രമാണമല്ലെന്നുള്ള ബുദ്ധമതസിദ്ധാന്തത്തെ ഏതുവിധമെങ്കിലും ഖണ്ഡിച്ച് വേദപ്രാമാണ്യം സ്ഥാപിക്കേണം എന്നൊരു കാലഘട്ടം ഭാരതത്തിലുണ്ടായിത്തീൻറു. പല ബുദ്ധമതസിദ്ധാന്തങ്ങളേയും സ്വീകരിച്ചുകൊണ്ടാണ് പിന്നെ വേദപ്രാമാണ്യം സ്ഥാപിക്കുവാൻ സാധിച്ചതു്. അതോടൊപ്പം കർമ്മകാണ്ഡമായ വേദത്തിൻെറ നിലയും വിലയും താണു്പോയി. സംസാരം മായാമയമാണ്. ജീവിതത്തിൽ ദുഃഖമല്ലാതെ യാതൊന്നുമില്ല. ഏതുവിധമെങ്കിലും വൈരാഗ്യം സമ്പാദിച്ചു മുക്തിനേടണം. അതിന്നുള്ള ഉത്തമമാർഗ്ഗം വേദാന്തമാണ്.

വൈദികകർമ്മങ്ങൾകൊണ്ടു് നാശരഹിതമായ സുഖം ലഭിക്കില്ല. ഇത്യാദി വിചാരങ്ങൾക്ക് പൊതുജനങ്ങളുടെ ഇടയിൽ പ്രചുരപ്രചാരം സിദ്ധിച്ചു. സംഹിതാഭാഗമായ വേദത്തിൻെറ അർത്ഥവിചാരം ഇല്ലാതാവാൻ തുടങ്ങി. അപ്പോൾ നിലവിലുണ്ടായിരുന്ന ധർമ്മശാസ്ത്രങ്ങളിലും ഇതിഹാസപുരാണാദികളിലും എന്തെല്ലാം ധർമ്മങ്ങളായി പ്രതിപാദിക്കപ്പെട്ടിരുന്നു, അവ മാത്രമാണ് വൈദികധർമ്മങ്ങൾ എന്ന് വിശ്വസിച്ചു തുടങ്ങി. അർത്ഥവാദമായ വേദവും, മന്ത്രഭാഗമായ വേദവുമാണ് സകലധർമ്മങ്ങളുടേയും മൂലമെന്നുള്ളതിനെ പണ്ഡിതന്മാർ വിസ്മരിക്കുവാനാരംഭിച്ചു. ബ്രാഹ്മണർപോലും വേദാദ്ധ്യയനത്തിൽ വിമുഖരായിത്തീൎന്നു. ജാതികൾ തമ്മിലുള്ള ഉച്ചനീചഭാവത്തിന്ന് ശക്തികൂടി. എന്തിന്നധികം പറയുന്നു, മന്ത്രഭാഗമായ വേദത്തിന്ന് അർത്ഥമില്ലെന്നുള്ള ധാരണയും, അതോടൊപ്പം വൈദികപുരോഗതിക്ക് സ്തംഭനവുമാണ് സംജാതമായത്. ഇതിനെ ഒന്നുകൂടി വിവരിക്കാം.

ഉപനിഷത്തുകളേക്കാൾ മന്ത്രപരമായ വേദഭാഗത്തിന്ന് അല്പം പ്രാധാന്യം കുറഞ്ഞതുപോലെ കാണപ്പെട്ടു. വൈദികകർമ്മങ്ങൾ ഹോമങ്ങൾ, യാഗങ്ങൾ മുതലായവ മാത്രമായിത്തീൎന്നു. ഈ ഹോമം മുതലായവക്ക് വേണ്ടി 'തത്തമ്മേ പൂച്ച പൂച്ച' എന്ന മട്ടിൽ വേദാദ്ധ്യയനസമ്പ്രദായം നടപ്പായി. ഗുരുകുലത്തിൽ ഇരുന്ന് വേദാർത്ഥചിന്ത ചെയ്യണമെന്നുള്ള നിയമം ഗ്രന്ഥങ്ങളിൽ മാത്രം കാണുന്ന ഒന്നായിത്തീൎന്നു. അർത്ഥവാദവും, മന്ത്രഭാഗവുമാണ് സകലധർമ്മങ്ങളുടേയും മൂലമെന്ന് മുമ്പ് പറഞ്ഞുവല്ലോ. ധർമ്മരഹസ്യങ്ങളെപ്പററി ചിന്തിപ്പാൻ മന്ത്രഭാഗമായ വേദങ്ങളുടെഅർത്ഥജ്ഞാനം അവശ്യം വേണം. വേദാർത്ഥചിന്ത ഇല്ലാതായി പോവുകയുംചെയ്തു. പരിതസ്ഥിതികൾ മാറുമ്പോൾ ധർമ്മങ്ങളിലും (ആചാരങ്ങൾ) മാററമുണ്ടാവണം. മന്ത്രഭാഗങ്ങളുടെ അർത്ഥചിന്ത ഇല്ലാതായതിനാൽ ഈ മാററങ്ങൾക്കുള്ള മാർഗ്ഗം അടഞ്ഞു. ആചാരങ്ങളിൽ വല്ല വ്യത്യാസവും കണ്ടാൽ ചില പഴമക്കാരെന്നഭിമാനിക്കുന്നവർ 'കലിയുഗമായി എല്ലാം നശിച്ചു' എന്ന് ഘോഷിക്കുവാൻ തുടങ്ങും. ചുരുക്കത്തിൽ പറയുന്നതായാൽ, സനാതനികൾ എന്നഭിമാനിക്കുന്നവരുടെ ധർമ്മസംബന്ധമായ വീക്ഷണം ഇത്ര സങ്കുചിതമായിത്തീരാനുള്ള കാരണം വേദാർത്ഥചിന്തയുടെ അഭാവമാണെന്ന് പറയേണ്ടിയിരിക്കുന്നു. വേദമാർഗ്ഗം അതിവിശാലമാണ്. മനുഷ്യസാമാന്യത്തിൻെറ നന്മക്കുള്ളതാണ് വേദം. വേദാർത്ഥചിന്ത സംസ്കൃതപഠനത്തിൻെറ മുഖ്യോദ്ദേശമാകണം.

ധമ്മമുള്ളേടത്തു് ഐശ്വയ്യമുണ്ടാകുമെന്നാണ് ആപ്തവചനം. ഭാരതവഷം അധഃപതിക്കുവാൻ തുടങ്ങീട്ട് നൂററാണ്ടുകൾ വളരെയായി. മതങ്ങൾ തമ്മിൽ കലഹം, സമുദായങ്ങൾതമ്മിൽ വഴക്ക്, എവിടേയും ഐക്യമില്ലായ്മ, ഇതിൻെറയെല്ലാം ഫലമായി ദാരിദ്ര്യവും, കഷ്ടപ്പാടുകളും വദ്ധിച്ചുവരിക ഇതാണ് ഭാരതത്തിലെ സ്ഥിതി. ഭാരതത്തെ ധമ്മത്തിലേക്ക് ഉയത്തേണ്ട മാഗ്ഗം വല്ലതുമുണ്ടെങ്കിൽ അത മാഗ്ഗം വൈദികമാഗ്ഗമല്ലാതെ മറെറാന്നുമാവുകയില്ല ലോകത്തിലുള്ള സകല മതങ്ങളും ഈ വൈദികമാഗ്ഗത്തിൽ ഉൾപ്പെട്ടുമെന്ന് ഓക്കേണം. സംസ്കൃതപഠനത്തിൻെറ മുഖ്യോദ്ദേശം വേദാത്ഥചിന്തയാവേണമെന്ന് ഒന്നുകൂടി പറഞ്ഞു് ഇപ്പോൾ ഈ ലേഖനമവസാനിപ്പിക്കട്ടെ.

വി. കെ. നാരായണഭട്ടതിരി, വടക്കാഞ്ചേരി.

## ഓണം.

(മഞ്ജരി.)

പൊൻകതിർപൂരത്താൽ പൂഷാവു പൂവ്വദിങ്-
മങ്കയെ കുങ്കുമം പൂശിക്കുമ്പോൾ,
ലോലസമീരണൻ പൂവല്ലിതോറുമേ
ലീലകളാടി ലസിച്ചിട്ടുമ്പോൾ,
വൃക്ഷങ്ങൾ ചില്ലയാൽ ചാമരം വീശുമ്പോൾ,
പക്ഷികൾ പഞ്ചമം പാടിട്ടുമ്പോൾ,
മാകന്ദമഞ്ജരി മഞ്ജുളഗാനത്താൽ
സ്വാഗതം പൂങ്കുയിലോതിടുമ്പോൾ,
പൂഞ്ചോല വെള്ളിക്കസവിട്ട നൽപ്പച്ച-
പൂഞ്ചേല ചുററുന്ന കേരളോവ്വി
കാറുപിടിച്ചു മുഷിഞ്ഞ നിലവിട്ട-
വാരൊളിശ്ശുഭ്രാംബരവുമേന്തി
പാലൊളി പ്പൂവെണ്ണിലാവിനാൽ പാരിടം
പാലാഴിയായിട്ടു മാററിടുമ്പോൾ,
ഏതൊന്നിന്നാഗമവേളയെക്കൊണ്ടാടി-
യേവരും മുഗ്ദ്ധരായ് വാണീടുന്നു;
ആനന്ദമാനന്ദമേകുന്നതാകുന്നോ-
രാ നല്ലോരോണം ജയിപ്പൂതാക!
എത്രയോ നാളായി നിൻവരവിങ്ങനെ
കാത്തുവസിച്ചുള്ള കേരളീയർ,
പട്ടിണിപ്പാവങ്ങൾ താവകമാഗ്ഗത്തിൽ
പട്ടുവിരിക്കാൻ തുനിഞ്ഞിടുന്നു.

പണ്ടു കഴിഞ്ഞോരു സൌവർണ്ണകാലത്തെ,
കൊണ്ടാടിക്കൊള്ളേണ്ടും സ്മാരകത്തെ,

സത്യം പരിപാലിച്ചീടുവാൻ രാജാധി–
പത്യവുമാരോ ബലികഴിച്ചു

അമ്മഹാൻ മാബലിയിങ്ങുവന്നെത്തുമ്പോൾ
നമ്മൾക്കോരോണമായെന്നു വേറെ

അമ്മഹാ ത്യാഗിയാം മാബലി വന്നെത്തും
സന്മുഹൂർത്തം നമുക്കോണമെന്നാൽ

അപ്പുണ്യശാലിതൻ കണ്ണിൽ പൊടിയിട്ടി–
ട്ടിപ്പൊഴും വഞ്ചിക്കയാണു നമ്മൾ

അന്നത്തെ കാലത്തെ കാര്യങ്ങളോർക്കുമ്പോ–
ളിന്നും നാം കോൾമയിർ കൊൾകവേണം

ക്ഷാമമെന്നുള്ളോരു നാമമേ കേട്ടില്ല
ഭൂമിയോ നാകമായ് മല്ലടിച്ചു

ജാതിവഴക്കുകൾ, നീതിവിരോധങ്ങൾ,
ഭീതികളീതികളൊന്നുമില്ല.

വന്മുതലാളിത്വമില്ലാ മനുഷ്യരിൽ
നന്മകൾ നന്നായ് വിളഞ്ഞിരുന്നു!

മർത്ത്യരാമർത്ത്യരായ് സൌഹാർദ്ദഭാവത്തിൽ
വർത്തിക്കും നല്ല സുവർണ്ണകാലം

എന്നാലിന്നത്തെയോ മാററം നിനയ്ക്കുകി–
ലെന്നാളും കണ്ണീരൊഴുക്കവേണം.

അന്തിക്കു വല്ലതും കൂലികിട്ടീടുവാൻ
ചെന്തിയ്യിൽ വെന്തിട്ടും ജോലിചെയ്തു

തെല്ലും പ്രഭുക്കൾക്കനുകമ്പതോന്നുവാ–
നല്ലും പകലായ് കഴിച്ചുകൂട്ടി

കേവലം പാതിവയറും നിറയാതെ
പാവങ്ങളന്യർക്കായന്നമേകി

ഉല്ലസിക്കുന്നതു കാൺകയാൽ തൃപ്തരായ്
വല്ലികൾ തുള്ളിക്കളിക്കയായി!!

നാലഞ്ചു നാൾകൊണ്ടൊരാണ്ടിലെ വിൺസുഖം
നാമാവശേഷമായ് തീരുമെന്നാൽ

വങ്കരിരുട്ടത്തു മിന്നാമിനുങ്ങിന്റെ
വെണ്മയാണോണമെന്നായിവന്നാൽ

ഇത്തരമോണത്തെക്കൊണ്ടാടിക്കൊള്ളുമ്പോൾ
ചിത്തമോ ചാമ്പലായ് മാറീടുന്നു.

പട്ടിണിപ്പാട്ടുകൾ കൂടാതെ നാളുക–
ളൊട്ടൊട്ടുപോകുവാൻ പററിയെന്നാൽ

സാധുജനങ്ങൾക്കു സ്വാതന്ത്ര്യക്കാററിൻെറ
സ്വാദൊന്നറിയുവാൻ സാധ്യമായാൽ
ആളുകളന്യോന്യം സോദരഭാവത്തിൽ
നാളുകൾപോക്കാൻ തുടങ്ങിയെന്നാൽ
എന്നിക്കണ്ടേരകുചേലവിഭേദങ്ങൾ
മന്നിനെത്തീരെ ഗ്രസിക്കാതായാൽ
അന്നാണൊരേണമീ ലോകത്തിനൊക്കെയും
പൊന്നൊളി പൂശും സുവൎണ്ണകാലം.

വിദ്വാൻ, തേറമ്പിൽ ശങ്കുണ്ണിമേനോൻ.

---

## *പ്രതികാരം. (ഒരു ചെറുകഥ.)

താരങ്ങളാൽ പ്രശോഭിതമായ നീലാകാശത്തിൽ രജനീറാണി ക്രന്ദനംഴിച്ച്, ഇന്നത്തെ മഹാനാശമോത്ത് വിലപിച്ചുകൊണ്ടിരുന്നു. അനേകം ദൂരംവരെക്കും പരന്നുകിടക്കുന്ന ശവശരീരങ്ങൾക്കിടയിൽ ജീവിതത്തിൻെറയും മൃത്യുവിൻെറയും സംഘട്ടനമുണ്ടായിക്കൊണ്ടിരുന്നു. അശോകചക്രവൎത്തി ഇന്നു കലിംഗദേശത്തെ ജയിച്ചു കീഴടക്കി—കലിംഗത്തിലെ സ്വാതന്ത്ര്യതാൎക്കൻ അന്ധകാരത്തിൻെറ ഇരുളടഞ്ഞ യവനികയ്ക്കുള്ളിൽ അന്തൎദ്ധാനംചെയ്തുകഴിഞ്ഞു. ഇന്നലെ സ്വാതന്ത്ര്യവും വീരവും ആയിരുന്ന കലിംഗദേശം ഇന്നു പരാധീനപ്പെട്ട്, ദീനവും ഹീനവുമായിതീൎന്ന് ഭാരതത്തിലെ മഹാനായ അശോകചക്രവൎത്തിയുടെ ചരണങ്ങളിൽ ഛിന്നഭിന്നമായി കിടക്കുന്നു.

നാലുമാസത്തെ ഭയങ്കരയുദ്ധത്തിൻെറ ഫലമായി അശോകൻെറ കുടിലനീതി—അദ്ദേഹത്തിൻെറ രാജനീതിനിപുണത—സ്വാതന്ത്ര്യമായ കലിംഗത്തിൻെറ ഹൃദയത്തിൽ തൻെറ വിജയപതാക ഉറപ്പിച്ചു കഴിഞ്ഞു.

ശിബിരത്തിൽ അശോകചക്രവൎത്തി മൌനം അവലംബിച്ച് ആലോചനയിലാണ്ടു—ഇന്നലെയും ഇതുതന്നെയാണാലോചിച്ചിരുന്നത്—അല്ല—സാമ്രാജ്യപിപാസയായിരുന്നു തലേരാത്രിയിലെ ചിന്താവിഷയം. പക്ഷെ ഇന്നോ! തൻെറ വിജയത്തിൻെറ ഫലവും ചാതുൎയ്യത്തിൻെറ പൂൎണ്ണതയുമാണു് അദ്ദേഹം കണ്ടുകൊണ്ടിരിക്കുന്നതു്.

'എന്തു്? ഇതാണോ വിജയം? അനേകലക്ഷം വീരന്മാരുടെ ജീവിതത്തിൻെറ വില, മാതാക്കളുടെ ഓമനപുത്രരുടെ ബലിദാനം, ആത്ത

---

* ഹിന്ദിയിൽ നിന്നു്.

രുടെ ദീനരോദനം! അത്യാഗ്രഹത്തിൻെറ പൂർത്തിക്കായി ഇത്ര ഭീഷണമായ രക്തപാതവും വേണ്ടിവന്നു—രാജത്വം ഇത്രക്ക് അധഃപതിച്ചുപോകുമോ?

തങ്ങളുടെ ഫാലസ്ഥലത്തിലെ സിന്ദൂരതിലകം തുടച്ചുകളഞ്ഞ ആ വിധവകളോടെന്തുപറയും? ആഗ്രഹത്തിൻെറ വഹ്നിജ്വാലയിൽ ആഹുതിചെയ്ത അവരെ, തങ്ങളുടെ ഏകാവലംബമായി കരുതിയിട്ടുള്ള ആ നിരപരാധികളായ ശിശുക്കളെ എങ്ങിനെ സമാശ്വസിപ്പിക്കും? ചക്രവർത്തിയുടെ ഹൃദയം വേദനകൊണ്ടു നീറി.

മൃഗീയത്വത്തിൻെറ അസ്പഷ്ടമായ നൃത്തം, ശിബിരത്തിന്നു പുറത്ത്, നിറഞ്ഞ അന്ധകാരത്തിൽ അദ്ദേഹം കണ്ടു—വിധവകൾ അതിനെ പഴിക്കുന്നു—സഹോദരികൾ അതിനെ വെറുക്കുന്നു.

എത്ര ഭയങ്കരരൂപം—ഇതു് ആഗ്രഹത്തിൻെറ നഗ്നനൃത്തമല്ലെ—അയ്യോ! ഇതാണോ വിജയം?

ചക്രവർത്തി വ്യാകുലചിത്തനായി കൂടാരത്തിന്നുള്ളിൽ ലാത്തുവാൻ തുടങ്ങി.

പശ്ചിമകോണിൽനിന്നു് രക്തവർണ്ണം മാഞ്ഞുതുടങ്ങി—ചക്രവർത്തിയുടെ നേത്രങ്ങൾ അരുണങ്ങളായി.

അടുത്ത ശിബിരത്തിൽനിന്നു് ജാഗ്രതിസൂചകമായ ശംഖധ്വനി മുഴങ്ങി.........

വിജയത്തിൻെറ ആദ്യത്തെ രാവ്—എന്തു? തൃപ്തിയുടെ അടയാളമോ? ആത്മാവിൻെറ തുഷ്ടിയോ

'ദേവാ'

ചക്രവർത്തി ചകിതനായി.

'എന്താ കാവൽക്കാരാ!'

'മന്ത്രി എഴുന്നള്ളുവാൻ ആഗ്രഹിക്കുന്നു.'

'അദ്ദേഹത്തോടു വരാൻ പറയൂ.'

പാറാവുകാരൻ നടന്നു.

'രാജൻ! ഇന്നത്തെപ്പോലെ വിജയോല്ലാസപൂരിതമായ പ്രഭാതം എന്നെന്നേയ്ക്കും നിലനില്ക്കട്ടെ!' മന്ത്രി അഭിവാദ്യംചെയ്തുകൊണ്ടു പറഞ്ഞു.

'ഇന്നത്തെപ്പോലെയോ?

മഹാരാജാവു് ഞെട്ടിപ്പോയി—'മന്ത്രീ, നിങ്ങൾ എന്തു പറഞ്ഞു ?'

'ഞാനോ—രാജൻ ! ഇന്നത്തെപ്പോലെ വിജയോല്ലാസപൂരിതമായ പ്രഭാതം എന്നെന്നേക്കും നിലനില്ക്കട്ടെ!'

മന്ത്രി ഭയപ്പെട്ടുപോയി.

'ദേവാ! ഞാ . . ൻ . . . . . .

'എന്താ മന്ത്രി! നിങ്ങൾ എന്തുപറഞ്ഞു?'

'ദേവാ! അങ്ങയുടെപ്രതാപത്താൽ കലിംഗദേശം അധീനത്തിലായിരിക്കുന്നു. ഞങ്ങൾ ഒന്നേകാൽ ലക്ഷം കലിംഗനിവാസികളെ ബന്ധനസ്ഥരാക്കീട്ടുണ്ട്. സ്വർണ്ണം, രത്നം, മാണിക്യം, അസ്ത്രശസ്ത്രാദികൾ മുതലായ നിരവധി സാമഗ്രികൾ ഞങ്ങൾക്ക് പ്രാപ്തങ്ങളായിട്ടുണ്ട്. ഇപ്പോൾ ഈ തടവുകാരെ എന്താണ് ചെയ്യേണ്ടതു്!'

'മന്ത്രീ, ഞാൻ ഇന്നു ബന്ധനസ്ഥരെ സന്ദർശിക്കാം—നിങ്ങൾ പൊയ്ക്കൊള്ളു.'

രാവിൻെറ ക്ഷീണതയും ചിന്തകളും ഓരോ നിമിഷവും സമ്രാട്ടിനെ അലട്ടിക്കൊണ്ടിരുന്നു, പക്ഷെ നേത്രങ്ങളിൽ നിദ്ര ഉണ്ടായിരുന്നില്ല.

കലിംഗത്തിലെ അപജയത്തിൻെറ ദുർഭാഗ്യത്താൽ മനംമടുത്തു് ഓടി ഒളിച്ച സൂര്യൻ, ഇന്നു മഹാനായ സമ്രാട്ടിനെ നോക്കി പുഞ്ചിരിതൂകുന്നു—ചക്രവർത്തിയുടെ ചിന്താശീലം മുഖമണ്ഡലത്തിൽ ആനന്ദത്തിൻെറ രേഖ പരത്തിയിരുന്നു. ലോകനിയമത്തിൽ എന്തെല്ലാം പരിവർത്തനങ്ങളാണുള്ളതു്!

'സൈനികാ!'

'ദേവാ'

'ഞാൻ ബന്ധനസ്ഥരെ കാണ്മാനാഗ്രഹിക്കുന്നുവെന്നു മന്ത്രിയോടു പറയൂ'

'കല്പനപോലെ'—സൈനികൻ പോയി.

മന്ത്രിവന്നു് അഭിവാദ്യം ചെയ്തു.

മഹാരാജാവ് തടവുകാരെ സന്ദർശിക്കാൻപോയി—ശാന്തത, രൌദ്രത, കാരുണ്യം, ചിന്ത, വിഷാദം ഇവയെല്ലാം അദ്ദേഹത്തിൻെറ നേത്രങ്ങൾക്കുമുന്നിൽ വട്ടംതിരിഞ്ഞിരുന്നു.

പതിനാറു വയസ്സ് പ്രായമായ ഒരു യുവാവിൻെറ മുമ്പിൽ മഹാരാജാവ് നിന്നു—യുവാവിൻെറ മുഖമണ്ഡലം സൌമ്യവും ശാന്തവും ആയിരുന്നു.

'യുവാവേ! നിങ്ങളുടെ പേരു്?

'ശ്രീമൻ! ചിത്രഗുപ്തൻ!'

മഹാരാജാവ് ഒരുതവണകൂടി ആ യുവാവിനെ ആപാദചൂഡം നോക്കി, പിന്നെയും നടന്നുതുടങ്ങി. യുവാവ് അധോമുഖനായി നിന്നു. മഹാരാജാവിൻെറ മുഖത്ത് പുഞ്ചിരിയുടെ ഒരു രേഖ പരന്നു. രാജാവ് മുന്നോട്ടു പോയി ഒരിടത്തുനിന്നു. അദ്ദേഹം ഒരിക്കൽകൂടി ബന്ധനസ്ഥരെ നോക്കി പറഞ്ഞു:—

'കലിംഗത്തിലെ വീരാത്മാക്കളേ! സ്വാതന്ത്ര്യത്തിനുവേണ്ടി നിങ്ങൾ സർവ്വം ബലി അർപ്പിച്ചപ്പോൾ, നിങ്ങൾ വിജയികളായിത്തീരുമെന്നു വിശ്വസിച്ചിരുന്നുവോ? എത്രയും വീരതയോടുകൂടി നിങ്ങൾ പ്രാണനെ പണയംവെച്ചതിൻെറ ഫലമായിട്ടാണോ നിങ്ങൾക്കിപ്രകാരം ബന്ധനത്തിൽ പെടേണ്ടിവന്നതു്? നിരപരാധികളും കോമളകളേബരരുമായ നിങ്ങളുടെ അരുമസ്സന്താനങ്ങളെ ലോകത്തിൻെറ മുമ്പിൽ സാപരാധികളും നിസ്സഹായരും ആക്കി തള്ളുന്നതാണോ നിങ്ങളുടെ ദേശഭക്തിക്കുള്ള സമ്മാനം?'

യുവാവായ ചിത്രഗുപ്തൻ മുന്നോട്ടുനീങ്ങിനിന്നു—അയാളുടെ മുഖം കോപത്താൽ തുടുത്തിരുന്നു—'ശ്രീമൻ! താങ്കൾ ന്യായത്തിൻെറ മുമ്പിൽ പൌരുഷത്തെ വിലവെയ്ക്കുമെങ്കിൽ ഞാൻ പറയാം:-

"കലിംഗനിവാസികളുടെ സിരകളിലൊഴുകുന്ന രക്തവും ഉഷ്ണമുള്ളതാണ്. അവരുടെ ശരീരവും, വീരയും സ്വാതന്ത്ര്യയുമായ മാതാവിൻെറ മടിയിൽത്തന്നെയാണ് വളൎന്നുവന്നതു്. അവൎക്ക് ഛുരികയുടെ ഉത്തരം കരവാൾകൊണ്ടു കൊടുക്കുവാൻ കഴിയും—സ്വപ്നത്തിൽ കൂടി ഞങ്ങളുടെ ഹൃദയവും അസിലതയും ജനദ്രോഹികളെ ശിക്ഷിക്കുന്നതിന്നു തയ്യാറാണ്. ദേശഭക്തിയുടെ പുരസ്കാരത്തിൻെറ കാൎയ്യം പോകട്ടെ—കലിംഗത്തിലെ വീരന്മാർ തങ്ങളുടെ മാതാവിൽനിന്ന് അവരുടെ രക്തത്തിന്നുള്ള പ്രതിഫലം ഇച്ഛിച്ചിട്ടില്ലെന്ന് എനിക്കു പറവാൻ കഴിയും. അവർ പഠിച്ചിട്ടുള്ളതു് രക്തം ഒഴുക്കുവാനാണ്, കണ്ണീർ ഒഴുക്കുവാനല്ല. ശ്രീമൻ! താങ്കൾ വിചാരിക്കേണ്ട. കലിംഗദേശത്തിലെ ആബാലവൃദ്ധം ജനങ്ങളുടെ ആത്മാവ് ഇന്നും ജീവിച്ചിരിക്കുന്നുണ്ട്-ഞങ്ങൾ ഞങ്ങൾക്കുപിന്നിൽ ഞങ്ങളുടെ വിധവകളേയും പിഞ്ചുകിടാങ്ങളേയും വിശന്നു മരിക്കുവാനും, ഭീരുക്കളെപോലെ പ്രാണത്യാഗം ചെയ്യുവാനും വിട്ടിട്ടില്ല. ഞങ്ങളെ അനുസരിക്കുവാനും പരതന്ത്ര്യയായ ഞങ്ങളുടെ മാതാവിനെ ഭൈരവമന്ത്രത്താൽ ഉന്നത്തിക്കുവാനുംവേണ്ടിമാത്രമാണ് ഞങ്ങൾ ഇവരെ ഇവിടെ ഉപേക്ഷിച്ചുപോകുന്നതു്."

മഹാരാജാവ് യുവാവിൻെറ വാക്കുകൾ കേട്ടു ചകിതനായി—കുറച്ചുനേരത്തെ ആലോചനയ്ക്കുശേഷം അദ്ദേഹം തുടൎന്നു—"വീരയുവാ

വേ! നിങ്ങൾ പറയുന്നതു് അക്ഷരംപ്രതി ശരിയാണ്-നിങ്ങൾ എല്ലായ്പോഴും സ്വാതന്ത്ര്യരാണ്. എല്ലായ്പോഴും സ്വാതന്ത്ര്യരായിത്തന്നെ ഇരിക്കുകയും ചെയ്യും.

'കലിംഗത്തിലെ വീരാത്മാക്കളെ! ഇന്നുവരെക്കും അശോകന് കേവലം രക്തപാതം മാത്രമേ അറിവുണ്ടായിരുന്നുള്ളു. ഇന്ന് അയാൾ നിങ്ങളുടെ ഹൃദയത്തിന്നടുത്തു് ഒരു അമൂല്യരത്നം കണ്ടുപിടിച്ചിരിക്കുന്നു —നിങ്ങളുടെ ദേശഭക്തിയും പ്രേമവും.

നിങ്ങൾ എല്ലാവരും സ്വാതന്ത്ര്യരാണ്. നിങ്ങളുടെ ദേശവും നിങ്ങളുടെ അധീനത്തിലാണ്.'

മന്ത്രീ, ഈ ബന്ധനസ്ഥരെ വിമുക്തരാക്കൂ.'

വൃദ്ധമന്ത്രി വിസ്മയഭരിതനായി നിന്നു.

'എന്താ നോക്കിനില്ക്കുന്നതു്. ഈ കൈവിലങ്ങുകൾ അഴിച്ചു ഈ വീരാത്മാക്കളെ ആദരപുരഃസരം അവരവരുടെ ഗൃഹങ്ങളിൽ കൊണ്ടുപോയാക്കൂ.'

'പക്ഷെ യുവാവേ! താങ്കൾക്കു പോകാൻ കഴികയില്ല. ഇതിന്റെ അർത്ഥം നിങ്ങളെ മാത്രം മോചിപ്പിക്കയില്ലെന്നല്ല—അല്ല, ഇന്നു മുതൽ നിങ്ങൾ എന്റെ മിത്രവും അംഗരക്ഷകനും ആയിരിക്കണം.'

ബന്ധനസ്ഥരുടെ സമൂഹത്തിൽ ഹർഷോല്ലാസത്തിന്റെ കല്ലോലങ്ങൾ വ്യാപിച്ചു. അവർ ഒരേ സ്വരത്തിലാർത്തു:—

'അശോകചക്രവർത്തി ജയിക്കട്ടെ!'

'വീരചിത്രഗുപ്തൻ ജയിക്കട്ടെ!'

യുവാവിന്റെ പാദങ്ങൾ പൃഥ്വിയിൽ അമന്നു, ശിരസ്സു താണു.

മന്ത്രീ! ചിത്രഗുപ്തനെ സാദരം ശിബിരത്തിലേക്കാനയിച്ചു് വേണ്ടവിധം സൽക്കരിച്ച് സന്തുഷ്ടനാക്കിത്തീർക്ക.'

മഹാരാജാവു് അംഗരക്ഷകന്മാരാൽ ആവൃതനായി ശിബിരത്തിൽ മടങ്ങി എത്തി.

കലിംഗം വീണ്ടും സ്വാതന്ത്ര്യമായി—ദിക്കെങ്ങും മംഗലവാദ്യം മുഴങ്ങി. കലിംഗത്തിലെ വീരന്മാർ വിജയോല്ലാസപൂരിതമായ ഹർഷസാഗരത്തിൽ മുങ്ങിപ്പോയി.

ഇന്നലെ വിധവയായിരുന്ന സന്ധ്യാദേവി ഇന്ന് സുമംഗലിയായി ഭവിച്ചു. ദീപാവലികളാൽ കലിംഗപ്രദേശം പ്രശോഭിതമായി.

മന്ദം മന്ദം രാത്രിയുടെ ആഗമനം തുടങ്ങി—അശോകമഹാരാജാവിന്റെ കൂടാരം ശാന്തിയുടെ മടിയിൽ വിശ്രമംകൊണ്ടിരുന്നു—അപ്പോൾ അടുത്തുള്ള കൂടാരത്തിൽനിന്നു ഒരു ഇരുണ്ട നിഴൽ പതുക്കെ

പതുക്കെ അന്ധകാരത്തിൽ മുന്നോട്ടു നീങ്ങിത്തുടങ്ങി. ആ ഛായ ശിബിരത്തിൽനിന്നു് ദൂരെ ചെന്നു താഴ്ന്ന സ്വരത്തിൽ 'സൂരജ്, സൂരജ്' എന്നു വിളിച്ചു.

ഉടനെ ഒരു കുതിരയേയുംകൊണ്ടു് ഒരാൾ അവിടെ പ്രത്യക്ഷമായി. ആ നിഴൽ കുതിരപ്പുറത്തു ചാടിക്കയറി സാവധാനത്തിൽ അന്ധകാരത്തിൽ ലയിച്ചു. അതു് ആദ്യത്തെ പട്ടണം കടന്നു. പിന്നീടു് ഒരു പ്രദക്ഷിണംവെച്ചു് ഒരു ഗൃഹദ്വാരത്തിൽ അശ്വത്തെ നിത്തി, പതുക്കെ വാതില്ക്കൽ ഒന്നു തട്ടി താഴ്ന്ന സ്വരത്തിൽ "അമ്മേ, അമ്മേ" എന്നു വിളിച്ചു.

ഒരു സ്ത്രീ—അവളുടെ ഫാലദേശത്തിൽ അപ്പോഴും ചിന്തയുടെ രേഖകൾ പ്രത്യക്ഷമായിരുന്നു—വന്നു വാതിൽ തുറന്നു.

'അമ്മേ, അമ്മേ, ഞാനെത്തിപ്പോയി.'

'മകളേ, പ്രതിമേ!'

അവൾ തന്റെ സൈനികവേഷം ഊരി വലിച്ചെറിഞ്ഞു് അമ്മയെ ആലിംഗനംചെയ്തു. മാതാവിന്റെ കോമളകപോലങ്ങളിൽക്കൂടി പ്രേമാശ്രുക്കൾ ഒഴുകിത്തുടങ്ങി. പ്രതിമ അമ്മയെ സകലവൃത്താന്തങ്ങളും ആദ്യവസാനം പറഞ്ഞുകേൾപ്പിച്ചു് ഹംസതൂലികാശയ്യമേൽ ചെന്നു കിടന്നു. അവളുടെ തലപ്പാവു് അഴിഞ്ഞുവീണിരുന്നു—ഇരുണ്ടുചുരുണ്ട അളകാവലികൾ അവളുടെ സുന്ദരവദനസരോരുഹത്തെ മറച്ചിരുന്നു.

'അമ്മേ! ഞാൻ ഉറങ്ങട്ടെ എനിക്കു് വല്ലാതെ ക്ഷീണംതോന്നുന്നു. അമ്മ അമ്മയുടെ മുറിയിലേക്കു് പൊയ്ക്കോളൂ.'

അമ്മ ചിലതെല്ലാം ചോദിക്കുവാൻ ആഗ്രഹിച്ചിരുന്നു. പക്ഷെ പ്രതിമയുടെ നിരോധനം നിമിത്തം അവൾ മൌനം അവലംബിച്ചു് തന്റെ മുറിയുടെ നേരെ നടകൊണ്ടു.

പ്രതിമ എഴുന്നേററു് ജാലകം തുറന്നിട്ടു. അടുത്തുതന്നെ നില്ക്കുന്ന പാരിജാതം ദിക്കെങ്ങും തന്റെ സൌരഭ്യം പരത്തിക്കൊണ്ടു് ചുററുപാടും ഉള്ള പ്രദേശത്തെ ചെറുകുസുമങ്ങളാൽ അലങ്കരിച്ചുകൊണ്ടിരുന്നു—മഹാനദിയുടെ പ്രവാഹത്തിലൊരിടത്തു് വെള്ളംകെട്ടിനിന്നു് ഒരു കുളംപോലെ തോന്നിയിരുന്നു—അതിൽ ശാന്തതയോടും ഏകാഗ്രതയോടുംകൂടി ചില കുമുദങ്ങൾ അവിടവിടെ വികസിച്ചുനിന്നിരുന്നു.

തീരത്തുള്ള വൃക്ഷങ്ങളിൽനിന്നു് കൊഴിഞ്ഞുവീണ ഇലകളെ പാറിപ്പറപ്പിച്ചു മാരുതദേവൻ ഒരു അസ്പഷ്ടസ്വരത്തിലെന്തൊക്കെയോ പിറുപിറുത്തുകൊണ്ടു് ആ പ്രദേശത്തുകൂടി മന്ദം മന്ദം കടന്നുപോയി.

പ്രതിമയുടെ മസ്തിഷ്കത്തിലും ഒരു മുഴക്കമുണ്ടായി. അവരം കുറെനേരം എല്ലാം നോക്കിക്കണ്ടു. അവളുടെ നയനങ്ങളിൽ നിദ്ര ഉണ്ടായിരുന്നില്ല. അധികനേരം ഉണർന്നിരിക്കുവാനുള്ള അത്യാശ അവളുടെ സ്ത്രീഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചു.

അന്ധകാരത്തിൽ അവളുടെ നയനങ്ങൾക്കുമുന്നിൽ വീണ്ടും തൻെറ പിതാവിൻെറ വിഗ്രഹം വന്നുനിന്നു—അതുപറഞ്ഞുകൊണ്ടിരുന്നു—പ്രതിമേ! നീതന്നെയാണ് എൻെറ മകൻ. എൻെറ പ്രതികാരത്തിൻെറ ശസ്ത്രമാണ്. മകനേ! ഞാൻ നിനക്ക് എന്തു വിദ്യയാണ് തരാത്തതു്—നിന്നെ ഒരു സൈനികനിൽനിന്നും ഒട്ടും കുറവില്ലാതെ പഠിപ്പിച്ചില്ലേ? എൻെറ മരണസമയത്ത്—മകനേ, നിൻെറ പിതാവിൻെറ അന്തിമ ആഗ്രഹം ഇതാണ്, യാതൊരുവൻ നമ്മുടെ ദേശത്തെ നശിപ്പിച്ചുവോ അയാളോടു നീ പകരംവീട്ടണം.'

പിന്നീട് സാവധാനത്തിൽ ഒരു സൌമ്യമൂർത്തി വന്നുപറഞ്ഞു—"വീരയുവാവേ! ഇന്നുമുതൽ നിങ്ങരം എൻെറ മിത്രവും അംഗരക്ഷകനും ആയിരിക്കണം."

ആചാര്യൻ! ആചാര്യൻ പറഞ്ഞിരുന്നു—"സംസാരം നശ്വരമാണ്—തൻെറ ഹൃദയത്തെ വിശ്വപ്രേമത്തിൻെറ നികേതനമാക്കിത്തീക്കു! പ്രതിഹിംസ, ഘൃണ; ഇല്ല, വെറുപ്പിൽനിന്നു ഒരിക്കലും ശാന്തി ഉണ്ടാകയില്ല—പ്രീതിയാൽ വെറുപ്പു് ശാന്തീഭവിക്കുന്നു."

പടിഞ്ഞാറെ കോണിൽ ഒരു തുടുപ്പു് കയറി. പ്രതിമ എഴുന്നേററു. അവരം ആദ്യത്തെപ്പോലെ സൈനികവേഷം ധരിച്ചു് പുറപ്പെട്ടു.

പിറെറ ദിവസം— മഹാരാജാവു് തൻെറ പുതിയ അംഗരക്ഷകനെ വിളിച്ചു. യുവാവു വന്ന് മഹാരാജാവിനെ അഭിവാദ്യംചെയ്തു.

'യുവാവേ! നമുക്ക് നാളെ രാജധാനിക്ക് പുറപ്പെടണം. നിങ്ങളും കൂടെ വരില്ലേ?'

യുവാവു് രാജാജ്ഞയെ സസന്തോഷം സ്വീകരിച്ചു.

'നിങ്ങളുടെ വീട്ടിൽ പിന്നെ ആരെല്ലാമുണ്ടു്?'

'ശ്രീമൻ! എൻെറ വൃദ്ധമാതാവു്'

'കൊള്ളാം, അവരെയും ആദരസഹിതം കൊണ്ടുപോകാം.'

യുവാവിൻെറ നേത്രങ്ങരം കൃതജ്ഞതയാൽ പ്രശോഭിതങ്ങളായി.

മൂന്നാം ദിവസം— രാജധാനിയിൽ ഒരു വലിയ ദർബാർ ഉണ്ടായി. നഗരമെല്ലാം വിശേഷവിധത്തിൽ അലങ്കരിച്ചിരുന്നു. കലിംഗവിജയത്തിൻെറ ഹർഷോല്ലാസത്താൽ രാജധാനി മുഖരിതമായി.

മഹാരാജാവ് സിംഹാസനത്തിൽനിന്നിറങ്ങി യുവാവിനെ ആലിംഗനം ചെയ്തു് തൻെറ ഹസ്തങ്ങൾകൊണ്ടു് അംഗരക്ഷകൻെറ കുപ്പായം ആ യുവാവിന്നു് സമ്മാനിച്ചു. പിന്നീടു് സമ്രാട്ടു് സഭാവാസികളെയും പ്രജാവലികളെയും നോക്കി പറഞ്ഞു:—

എൻെറ പ്രിയപ്പെട്ട പ്രജകളെ!

കലിംഗവിജയത്തിലെ രക്തപാതവും, ആ ദേശനിവാസികളുടെ പ്രേമവും അവരുടെ സ്വാതന്ത്ര്യവും എൻെറ നയനങ്ങളെ വിടർത്തി. എൻെറ പ്രമാദത്തിൻെറ മന്ദിരം കലിംഗനിവാസികളുടെ സ്വാതന്ത്ര്യത്തിൻെറ ഒരൊററ പ്രവാഹത്തിൽ നിലംപതിച്ചു. കുറച്ചു നേരം മുമ്പു വന്ന ബുദ്ധസന്യാസി പറഞ്ഞതിങ്ങിനെയാണു്:—

മൃത്യുവിൻെറയും ജരയുടേയും ഭാരം ഈ സംസാരത്തിലെ ക്ഷീണിച്ച തോളുകളിൽ വർദ്ധിച്ചുവരുന്നു—ഞാൻ വേദനയെ ഭയപ്പെടുന്നില്ല. ജനങ്ങൾ പഴുത്ത മാങ്ങയെപ്പോലെ ഭൂമിയിൽ വന്നുവീഴും—പിന്നെ ദുഃഖം ആൎക്കുവേണ്ടിയാണു്? ശോകം! ശോകവും ഭയവും പ്രിയ വസ്തുവിന്നുവേണ്ടിയാണു്—നാം പ്രിയപ്പെട്ട ബന്ധനങ്ങളിൽനിന്നു മുക്തരായാൽ ശോകത്തിൽനിന്നും വിമുക്തരാകും. അതുകൊണ്ടു് രാജൻ! ഹൃദയത്തിൽനിന്നു അത്യാഗ്രഹത്തെ പുറത്തു തള്ളിക്കളയൂ; നോക്കൂ—നിങ്ങളുടെ ഹൃദയനികേതനത്തിൽ അഗണിതങ്ങളായ വാതായനങ്ങൾ തുറന്നിട്ടുണ്ടു്. നിങ്ങളുടെ പ്രേമം കുറെക്കൂടി അനന്തമായിത്തീൎന്നിട്ടുണ്ടു്. നിങ്ങളുടെ അന്തഃകരണത്തിൽ ദയയും മൈത്രിയും ഉണ്ടായിരിക്കണം. നിങ്ങളുടെ ശത്രുക്കളെ സ്വസഹോദരരെപ്പോലെ കരുതി അവരുമായി മൈത്രിയിലേൎപ്പെടണം—'' 'ഇന്നും ഇതു് എൻെറ ശ്രുവണപുടങ്ങളിൽ വന്നലച്ചുകൊണ്ടേ ഇരിക്കുന്നു, ഞാൻ പ്രത്യക്ഷത്തിൽ കാണുകയും ചെയ്യുന്നുണ്ടു്.' സഭാവാസികളോടൊപ്പം പ്രജകളും ആഹ്ലാദപൂൎവ്വം ആൎത്തു—

''പ്രിയദൎശിയായ അശോകമഹാരാജാവു് ജയിക്കട്ടെ.''

ശയനഗൃഹത്തിൻെറ വാതില്ക്കൽ വേഷച്ഛന്നയായി പ്രതിമ കാവൽനിന്നിരുന്നു. അവളുടെ ചിന്താഗതി ഇങ്ങിനെ തുടൎന്നു—'മാതാവിൻെറ അനുശാസനം! പിതാവിൻെറ അന്തിമശബ്ദം.' അയ്യോ! ഹത്യ! പ്രിയദൎശിയായ അശോകനെ ഞാൻ ഹനിക്കുകയോ? ഞാൻ നിഷ്ക്കളങ്കമായി ഹൃദയത്തിൽ പൂജിച്ചുതുടങ്ങിയ ആ മൂൎത്തിയേ? ഇല്ല, ഞാൻ പ്രതികാരം ചെയ്വാൻ ശക്തയല്ല—ഇപ്പോൾ ആയാളുടെ ഹൃദയം പിശാചല്ല, പ്രേമത്തിൻെറ ഇരിപ്പിടമാണു്.

പിതാവിൻെറ ആത്മാവു് അവളെ പഴിക്കുന്നതായിട്ടു്—അവളെ ശപിക്കുന്നതായിട്ടു്—അവൾ വീണ്ടും അന്ധകാരത്തിൽ കണ്ടു. അവൾ വ്യാകുലപ്പെട്ടുപോയി. അവൾ ഭീരുവല്ല—അവളിലും രക്തം ഒഴുകുന്നുണ്ടു്—അവൾ അരയിൽ ഒളിപ്പിച്ചു വെച്ചിരുന്ന ഛുരിക എടുത്തു് അതിൻെറ മുനമേൽ കൈവെച്ചു—അയ്യോ!

'ഇല്ല, ഞാൻ അദ്ദേഹത്തെ ഹനിക്കില്ല—ഇല്ല, ഒരിക്കലുമില്ല—ഞാൻ അദ്ദേഹത്തെ വെറുക്കുന്നില്ല സ്നേഹിക്കുകയാണു് ചെയ്യുന്നതു്. അവൾ ഹൃദയത്തിന്മേൽ കൈവെച്ചു—അതു വേഗത്തിൽ അടിച്ചിരുന്ന ശബ്ദത്തോടൊപ്പം പുരുഷവേഷധാരിയായ യുവതി വിറച്ചു. ചക്രവർത്തി വാതില്ക്കൽ വന്നുനിന്നു് ഹർഷഭരിതമായ പുഞ്ചിരിയോടുകൂടി തന്നെ നോക്കുന്നതായി അവൾ കണ്ടു. അവൾ ഓടിച്ചെന്നു മഹാരാജാവിൻെറ ചരണാരവിന്ദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു. അവളുടെ തലപ്പാവു് ദൂരെ തെറിച്ചുപോയി, അവളുടെ ശ്യാമളകുന്തളം മഹാരാജാവിൻെറ പാദങ്ങളിൽ അഴിഞ്ഞുവീണു.

'ചിത്രഗുപ്താ! നിങ്ങൾ?

'യുവതി'

'സുന്ദരീ! നീ എന്നോടു പറഞ്ഞില്ലല്ലോ'

'ദേവാ'

'ഛീ! സുന്ദരീ! എഴുന്നേല്ക്കൂ! അധീരയാകരുതു്! ഇന്നു നമുക്കു് വെറുപ്പിൻെറയും പ്രതികാരത്തിൻെറയും കാളിമയെ പ്രണയത്തിൻെറ ബന്ധനത്താൽ മറയ്ക്കാം.'

യുവതിയുടെ സുകുമാരകളേബരത്തെ മഹാരാജാവു് തൻെറ ആയതബാഹുക്കളാൽ എഴുന്നേല്പിച്ചു.

നീലാംബരത്തിൽ പുഞ്ചിരികൊണ്ടിരുന്ന ചന്ദ്രദേവൻ മേഘപടലങ്ങൾക്കിടയിൽ ഒളിച്ചു. പ്രതിമ മഹാരാജാവിൻെറ വിസ്തൃതമായ മാറത്തിൽ തൻെറ തലചായ്ചുവെച്ചു

കുമാരി. ജാനകി., കോട്ടപ്പുറം.

# കൎഷകൻ.

—*—

നെല്ലാകെക്കനകാഭപൂണ്ടു; പുലരിപ്പൂങ്കാററു തട്ടിക്കൊട്ടു-
ത്തുല്ലാസത്തൊടു പാൽക്കടൽത്തിരകളുണ്ടാക്കിപ്പുളച്ചു വയൽ;
പുല്ലാം പട്ടുപുതക്കയാൽ പരിലസിച്ചീടും വരമ്പത്തു നി-
ന്നുല്ലാഘൻ യുവകൎഷകൻ കുതുകിയായ് ചെയ്തു ശിരഃകമ്പനം.

2

എന്താഹ്ലാദം! അവൻ പുരോഭുവി സമീക്ഷിപ്പൂ മഹാലക്ഷ്മി തൻ
ചെന്താരിൻപൊടി നെൽച്ചെടിക്കൊടികളിൽ തങ്ങിത്തിളങ്ങുന്നതായ്;
സ്വാന്താത്യന്തികരപൗരുഷാൎച്ചനവിധിയ്ക്കാസഞ്ചിതാൎഘ്യങ്ങളാം
പൊൻതാലങ്ങളെടുത്തിടും പ്രകൃതിയുത്സാഹിച്ചു നില്ക്കുന്നതായ്.

3

ചാരത്തായ്, വെയിൽ വെള്ളിയാക്കിയ ജലം, കൂലം തലോടിഗ്ഗമി-
പ്പോം,രത്തോട,ലർമാലപോൽത്തരുണനാമോദം വളൎത്തീ തുലോം;
നീരന്ധ്രം വയലിൻ വപുസ്സിനുയിർ നല്കീടുന്ന ചെംചോര സ-
ഞ്ചാരം ചെയ്തിടുമാ നെടും സിര വരണ്ടാൽപ്പിന്നെയെന്തോം ഗതി!

4

തീരാസീനബകാവലീകപടനിദ്ധ്യാനം, തദീയാനനം,
സ്മേരാലംകൃതമാക്കി; യുത്തരമുഹൂൎത്തത്തിൽപ്പറഞ്ഞാൻ സ്വയം;
"വാരാളുന്ന വെളുപ്പു സത്വഗുണമുദ്ഘോഷിപ്പതല്ലം, ബലാൽ-
ക്കാരാലേഴയെ വഞ്ചനയ്ക്കു ബലിനല്കാൻ വാളിളക്കുന്നതാം."

5

പ്രാണപ്രേയസിയോടുകൂടി വിള കാണാനായിറങ്ങേണമെ-
ന്നാണന്തസ്സിയലും കൃഷീവലകുമാരൻ ചെയ്തു തീൎപ്പെങ്കിലും;
ഏണപ്പെൺമിഴിയാൾ നവോഢ; സഹസാ രംഗത്തിൽ വന്നില, വൻ-
നാണപ്പുത്തിരനീക്കി; നാടകമതാരംഭത്തിലേ നിന്നുപോയ്.

6

ശ്രീമാൻ നെററിയിൽനിന്നുതിൎന്ന നവമാം ഘൎമ്മോദബിന്ദുക്കളാൽ,
ഭൂമാതാവിനെ നിൎഭരാദരമുപാസിച്ചു, തെളിഞ്ഞാളവൾ;
ഹാ! മൺപററുകിടന്ന മൺതരികളിൽ ദൈനം ദിനം, മഞ്ജുതാ-
ഭൂമാവേന്തിയുയൎന്നു മാരകതരത്നത്തിൻ കതിൎച്ചാൎത്തുകൾ

7

പ്രേമത്താലമൃതം പയോധരകലം നല്കീ; ദിനേശൻ കര-
ദസ്ഥാമത്താൽത്തഴുകീ; കനിഞ്ഞു വിഹരിപ്പിച്ചു വിലോലാനിലൻ;
ഹൈമപ്പട്ടുടയാട ഭംഗിയൊടുടുപ്പിച്ചൂ പ്രഭാതം; തനു-
ശ്രീമങ്ങാതെ വളൎന്നു ശാലികൾ, കൃഷിക്കാരന്റെ പൊന്നുണ്ണികൾ.

8

മേരുക്കുന്നുകളെത്ര പൊങ്ങിടുകയില്ലഞ്ചാറു നാൾകൊണ്ടിടം-
ചേരും മന്ദിര ചത്വരത്തിൽ!—ഉടനേ കൂപ്പീ കൃതജ്ഞൻ കരം;
കാരുണ്യാകുലനായ് തുണച്ച വിഭവസ്സമ്പത്തി, തൻപത്തിലായ-
ത്തീരുമ്പോൾ മറവിൻ തുറുങ്കിലവരോധിയ്ക്കാ ദൃഢം കൎഷകൻ.

9

ആയാൾ, തന്റെ മനസ്സുകൊണ്ടു ചെറുമക്കളുംകൾ പാക്കുന്നതാം
ഛായാവൃക്ഷപരമ്പരാവൃതകുടീരങ്ങൾക്കകംപൂകവേ,
ആയാസിച്ചതിനുള്ള നൽപ്രതിഫലം നൽകാൻ വരും കൊയ്ത്തിൽ നി-
ർമ്മായാനന്ദമിയന്ന പഞ്ചമരുമായ്ത്താദാത്മ്യമാർന്നീടിനാൻ.

10

പരിചുള്ള പരിഷ്കൃതിപ്പുകപിടിക്കാതെ നിജോദാരമാം
ചാരിത്രത്തെ യകന്നുനിന്നു പരിരക്ഷിക്കുന്ന ഭവ്യാശയൻ,
നേരിൽത്തന്നുടെ ഭൂമികാംത്തരുളീട്ടും രാജാവു, ധർമ്മോന്മിഷത്-
ഭൂരിശ്രീ പരിവേഷമാർന്നു വിജയിക്കുന്നൂ— കൃഷ്ണാഗ്രണി.

തത്തമംഗലം എം. നടേശമേനോൻ, B. A., L. T.

## ആവശ്യപ്പെട്ടതനുസരിച്ചുള്ള അഭിപ്രായപ്രകടനം

ആട്ടമേയുംപോലെ അല്പാല്പമായി അങ്ങുമിങ്ങുമായിട്ടാണെങ്കിലും ഈയുള്ളവൻ വല്ലപ്പോഴും കണ്ണോടിക്കാറുള്ള മാസികഗ്രന്ഥങ്ങളിൽ 'രാജർഷി'യും 'കൈരളി'യും ഉൾപ്പെടാറില്ലെന്നില്ല. അവയിൽ മല്ലിനാഥനെന്നും കല്ലിനാഥനെന്നുമുള്ള കൃത്രിമനാമങ്ങളിൽ രണ്ടുപേർ 'രാഷ്ട്രീയം' എന്നൊരു ശബ്ദത്തെ സംബന്ധിച്ചു വഴക്കുകൂട്ടുന്നതും കാണുകയുണ്ടായിട്ടുണ്ട്. പ്രകൃതവിഷയത്തിന്നും മല്ലിനാഥകല്ലിനാഥന്മാർക്കുമുള്ള പ്രതിപാദ്യപ്രതിപാദകഭാവസംബന്ധംതന്നെ ആമാവാസ്യത്തിന്നും അബ്ദുൾക്കാദർക്കുമുള്ള ബന്ധംപോലെ അജ്ഞാതകല്പവുമനാദരണീയവുമായി തോന്നുകയാൽ അതിൽ ശ്രദ്ധപതിപ്പിക്കയുണ്ടായിട്ടില്ലെന്നുമാത്രം.

എന്നാൽ, ഇടയ്ക്കു ചെയ്യാറുള്ളതുപോലെ 'കൈരളി'യെ ഒന്നു മലത്തിനോക്കിയപ്പോൾ ഇത്തവണ കണ്ടതു്—

“പ്രചുരപ്രചാരവും ശാസ്ത്രാനുസാരിയുമായ ഒരു 'സാധു'ശബ്ദത്തെ ഒരു മഹാപുരുഷന്റെ ആർഭാടത്തിന്നായി അപഭ്രംശമെന്നു വിധിക്കുന്നതു ശാസ്ത്രത്തിന്റെനേരെ നടത്താവുന്ന മഹാ കഠിനമായ പാതകമാകുന്നു. രാജർഷിവായനക്കാരായ വല്ല വൈയാകരണന്മാരും ഈ വിഷയത്തിൽ സ്വാഭിപ്രായം എഴുതിക്കണ്ടാൽ നന്നായിരുന്നു. വൈയാകരണന്മാർ കണ്ണുമടച്ചു ക്ഷമിക്കേണ്ടതല്ല ഈ ജാതി പ്രലാപം.

ബിരുദമില്ലാത്ത ഒരു സാധുവൈയാകരണൻ.”

---

വരയിട്ടിട്ടുള്ളതു ലേഖകനാണ്.

എന്നിങ്ങിനെ ബിരുദമില്ലാത്ത ഒരു സാധുവൈയാകരണൻെറ ആവലാതിയും ആഗ്രഹവും രേഖപ്പെടുത്തീട്ടുള്ള ഒരു ഉപസംഹാരഖണ്ഡികയാണ്. ആ ഖണ്ഡിക ഈയുള്ളവനിൽ ഏതാനും സംശയവും ജിജ്ഞാസയും ഒരുപോലെ ഉളവാക്കുകയുമുണ്ടായി.

'സാധു'ശബ്ദത്തെ = സാധു എന്ന ശബ്ദത്തെ ('സാധു'ശബ്ദം എന്നതിലെ വിഗ്രഹാത്ഥം സാധു എന്ന ശബ്ദം എന്നതാണെന്നു അതിലെ ഉദ്ധരണി ' ' എന്ന ചിഹ്നം തീച്ച്പ്പെടുത്തിത്തരുന്നുണ്ടല്ലോ.) അപഭ്രംശമാണെന്നു വിധിക്കുന്നതു മഹാകഠിനമായ പാതകമാണെങ്കിലും അതു് ശാസ്ത്രത്തിൻെറ നേരെ നടത്താവുന്നതാണെന്നു പറയുന്ന സാധുവൈയാകരണൻ മററുള്ളവരോടു അതിനെക്കുറിച്ചാവലാതിപ്പെടുന്നതെന്തിനു്? ബിരുദമില്ലാത്ത സാധുവൈയാകരണനിൽ സംബന്ധപ്രിയന്മാരായ താക്കികന്മാരുടെ വിക്രമത്താൽമാത്രം ക്ലേശിച്ചുവത്തിക്കുന്ന ആ 'സാധു'ശബ്ദത്തിന്നായിരിക്കുമോ ഒരു മഹാപുരുഷൻ അപഭ്രംശത്വം വിധിച്ചിരിക്കുന്നതു്? അങ്ങിനെയാണെങ്കിൽ അതുകുറെ കഷ്ടംതന്നെ. എത്രതന്നെ മഹാനായാലും ഇത്ര നിർദ്ദയനായ ആ പുരുഷനാരായിരിക്കാം? എന്നിപ്രകാരമുള്ള സംശയവും ജിജ്ഞാസയും ആ 'ആവലാതി' ആദ്യംമുതല്ക്കു മുഴുവനും ഒന്നു വായിക്കുവാൻ ഈയുള്ളവനെ പ്രേരിപ്പിച്ചു എന്ന വാസ്തവം പ്രസ്താവിക്കാതെ നിവൃത്തിയില്ല.

ആദ്യത്തെ ഖണ്ഡികയിൽനിന്നുതന്നെ ആ 'മഹാപുരുഷ'ൻെറ നാമധേയം—'സാധു'ശബ്ദഹിംസയ്ക്കായി സ്വീകരിച്ചിരിക്കുന്ന കൃത്രിമനാമധേയം—'കല്ലിനാഥൻ' എന്നാണെന്നു മനസ്സിലാകയാൽ ജിജ്ഞാസ ശമിച്ചു. അത്രയുമല്ല, ആ ഖണ്ഡികയിലെ, "ഇതൊന്നുമല്ല പ്രകൃതത്തിലെ വിഷയം; രാഷ്ട്രീയശബ്ദത്തിൻെറ—ദീഘമുള്ള ഇകാരത്തോടു കൂടിയ ഛപ്രത്യയാദി പദത്തിൻെറ—സാധുത്വംമാത്രം" എന്നു അവസാനവാചകത്തിൽ എത്തിയപ്പോഴേക്കും സാധുവൈയാകരണൻെറ വാക്യരചനാവൈഭവം ഏതാണ്ടു ഗ്രഹിക്കാനിടയാകയാൽ സംശയം അസ്ഥാനത്തിലാണെന്നും ബോധപ്പെട്ടു. "ദീഘമുള്ള ഇകാരം" എന്നെഴുതിയ ഒരു വൈയാകരണനു് അതുകൊണ്ടുമാത്രം ധമ്മധമ്മിവിവേകംപോലുമില്ലെന്നു പറയാമോ? "എന്നാ; മലയാളംതാനേ! അതുക്കു അന്ത വിവേകവും കിവേകവുമൊൻറും അവചിയമില്ലൈ," എന്നായിരിക്കാം സാധുവൈയാകരണൻെറ നിശ്ചയം 'ഛ' എന്നൊരു പ്രത്യയം പാണിനീയത്തിൽ കണ്ടിട്ടില്ല. സാധുവൈയാകരണൻെറ 'സാധവീയ'ത്തിലേതാ

യിരിക്കണം അതു്. മലയാളഭാഷയിൽ 'ക്രുടിയ' എന്ന പേരെച്ചത്തിന്നു ശേഷമുള്ള ഖരം ഇരട്ടിക്കുകയില്ല. തമിഴിലും ഇരട്ടിക്കുകയില്ലെന്നാണു എൻെറ അറിവു്. രണ്ടുംകെട്ട ഭാഷയിലെ സ്ഥിതി എന്തോ! അഥവാ മലയാളഭാഷയുടെ കുററവും കുറവും തീക്കാൻ ഒരുമ്പെട്ടിരിക്കുന്ന 'കൈരളി'യുടെ ക്രൂട്ടുകാരായ പുതിയ ലോകവ്യുൽപത്തിക്കാരുടെ സംരംഭത്തിൻെറ ഫലമാകാനും മതി. ബാധം ബോധമാക്കുന്ന 'കൈരളിയുടെ ക്രൂട്ടുകാർ അതിന്നു പോരാത്തവരാണെന്നും വിചാരിച്ചുക്രൂടാ. അതെന്തായാലും, രാഷ്ട്രീയമെന്നതു് ഷ്ണപ്രത്യയാദി പദമാണെന്നു അനുശാസിക്കുന്ന സാധുവൈയാകരണൻെറ വിലക്ഷണമായ ആ വ്യാകരണപ്രക്രിയ അസ്മാദൃശന്മാരുടെ അല്പബുദ്ധിക്കു അവിഷയമാണെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. പ്രത്യയം 'ഷ്ണ' എന്നതോ 'ഛ' എന്നതോ ആകട്ടെ. അതു 'ബഹുപട്ടു' മുതലായവയിലെ ബഹുച് പ്രത്യയംപോലെ പദത്തിൻെറ ആദിയിലാണു് വരുന്നതെന്നാണോ സാധുവൈയാകരണൻെറ വിചാരം? പ്രത്യയാദിപദം എന്നതിൻെറ അത്ഥം 'ഛ' പ്രത്യയം ആദിയിലുള്ള പദം എന്നുതന്നെയല്ലേ? 'ആദി'പദം പ്രകൃതി എന്ന അത്ഥത്തെയാണു് കുറിക്കുന്നതെങ്കിൽ 'ഛ' പ്രത്യയം പദമാകുന്ന മറിമായം പ്രയോക്താവിനല്ലാതെ മററാക്കും വേദ്യമല്ലെന്നു പറഞ്ഞൊഴിയുകയേ നിവൃത്തിയുള്ളു. 'ഛ'പ്രത്യയാദിപദം എന്നതിന്നു ഛപ്രത്യയാദി വിശിഷ്ടപദം എന്നാണത്ഥം. അതിലെ വിശിഷ്ടപദമാകട്ടെ മുഖമേവ ചന്ദ്രഃ=മുഖചന്ദ്രഃ എന്നതിലെ ഏവകാരംപോലെ 'മയൂരവ്യംസകാദി സമാസപ്രകാരം ലോപിച്ചിരിക്കുന്നു. എന്നു ശഠിക്കുന്നതായാൽ ബിരുദമില്ലാത്ത ഒരു സാധുവൈയാകരണൻെറ സാധുഭാവം സാധുത്വമല്ല നേരെ മറിച്ചു സാധുത്തമാണെന്നു നിശ്ചയിക്കാവുന്നതുമാണു്.

ഈ സ്ഥിതിക്കു, "പത്രാധിപസ്സാറെ, അക്കങ്ങൾ കണിശമായി വെക്കണേ—അല്ലെങ്കിൽ ലേഖകനു സൂത്രങ്ങളുടെ അക്കങ്ങൾപോലും ശരിയായറിഞ്ഞുക്രൂടെന്നു പറഞ്ഞു ഖണ്ഡിക്കും" എന്നിങ്ങിനെ ആരെയോ പരിഹസിക്കയാണെന്ന ഭാവത്തിൽ അഭിമാനംകൊള്ളുന്ന വൈയാകരണൻ അഭിജ്ഞന്മാരുടെ അവജ്ഞയ്ക്കു എങ്ങിനെയാണു് പാത്രമായ്പരിണമിക്കാതിരിക്കുക.

ഇത്രയുംകൊണ്ടു സാധുവൈയാകരണനിൽ കുടികൊള്ളുന്ന സാധുഭാവത്തിൻെറ സ്വരൂപം ഏതാണ്ടു ഗ്രഹിക്കാൻ ഇടയായതോടുക്രൂടി ഉപസംഹാരഖണ്ഡിക ഉളവാക്കിയ സംശയവും തീരെ തിരോഭവിച്ചുവെങ്കിലും തുടങ്ങിയ സ്ഥിതിക്കു മുഴുവനാക്കാമെന്നുവെച്ചു അപ്രകാരം

ചെയ്തതിന്റെ ഫലമായി വീണ്ടും ആവിർഭവിച്ച ജിജ്ഞാസാചാപലം രാഷ്ട്രീയശബ്ദത്തെ സംബന്ധിച്ചുള്ള വഴക്കുകളെല്ലാം ഈയുള്ളവനെക്കൊണ്ടു തേടിപ്പിടിപ്പിച്ചു വായിപ്പിക്കാതെ അടങ്ങുകയുണ്ടായില്ല.

ഏതായാലും ഇത്രയും ക്ലേശിച്ച സ്ഥിതിക്കു ബിരുദമില്ലാത്ത ഒരു സാധു വൈയാകരണന്റെ അഭിലാഷമെങ്കിലും നിർവ്വഹിക്കുന്നതിന്നു സാധിച്ചാൽകൊള്ളാമെന്നു വെച്ചു മാത്രം രാഷ്ട്രീയശബ്ദവാദത്തെക്കുറിച്ചുള്ള എന്റെ അഭിപ്രായം താഴെ കാണിക്കുന്നു.

സാഹിത്യപഞ്ചാനനൻ ശ്രീമാൻ പി. കെ. നാരായണപിള്ള അവർകൾ തന്റെ പ്രയോഗദീപികയിലെ 16-ാം ഭാഗത്തിൽ (അവിടെ അല്ലെങ്കിൽ അപ്പോൾ ഉണ്ടായതു്, ഉദ്ഭവിച്ചതു്, ജനിച്ചതു്) "ഈ അർത്ഥങ്ങളെ കാണിക്കുവാൻ രാഷ്ട്രീയം എന്നെഴുതുന്നതു ശരിയല്ല" എന്നു പറഞ്ഞിരിക്കുന്നതിനെയാണു് 'നമസ്തേന്നു്' മല്ലിനാഥൻ കൈരളിയിലെ (പുസ്തകം 22, ലക്കം 9.) ഭാഷാവിഷയത്തിൽ സോൽപ്രാസസൂക്തികൊണ്ടു ഖണ്ഡിച്ചിരിക്കുന്നതു്.

9848

കശ്ചിൽ കാന്താ എന്നായപ്പോഴേക്കു കാചിൽ കാന്താ എന്നേ പ്രയോഗിക്കുവാൻ പാടുള്ളു എന്നു ആരോ ലഹളകൂട്ടിയത്രേ. അതുപോലെ ചിലപ്പോൾ മേലും കീഴും ആലോചിക്കാതെ അപാണിനീയം എന്നു ഘോഷിക്കുന്നവരും ഇല്ലെന്നില്ല. രാഷ്ട്രത്തിൽ ജനിച്ചതു എന്ന അർത്ഥത്തിൽ 'രാഷ്ട്രീയ'മെന്ന പദം പ്രയോഗിക്കുന്നതു ശരിയല്ല എന്നു ഒരു പണ്ഡിതൻ ഈയിടെ പറഞ്ഞിരിക്കുന്നു. പാണിനി 'ഘ'പ്രത്യയമാണു വിധിച്ചിട്ടുള്ളതെങ്കിലും 'ഛ'പ്രത്യയത്തെ നിഷേധിച്ചിട്ടുണ്ടോ എന്നു ചിന്തിക്കുവാൻ അദ്ദേഹത്തിന്നു ക്ഷമയുണ്ടായിട്ടില്ലെന്നു തോന്നുന്നു. രാഷ്ട്രഭവം എന്ന അർത്ഥത്തിൽ രാഷ്ട്രിയം എന്നും രാഷ്ട്രീയം എന്നും ആകാം എന്നു ശബ്ദസ്തോമമഹാദധിയിൽ കാണുന്നുണ്ടു്. ശബ്ദകല്പദ്രുമത്തിൽ രാഷ്ട്രീയഃ (രാഷ്ട്രേ ഭവ ഇതി രാഷ്ട്ര ഛ) എന്നാണു് കാണുന്നതു്" എന്നിങ്ങനെയാണു് ഖണ്ഡനത്തിന്റെ പോക്കു്.

"ഭവഃ ജാതഃ—" എന്നീ അർത്ഥങ്ങളിൽ പാണിനി 'ഘ' പ്രത്യയമാണു് വിധിച്ചിട്ടുള്ളതെങ്കിലും 'ഛ' പ്രത്യയം നിഷേധിച്ചിട്ടില്ലെന്നും അതു് ആ പണ്ഡിതനു ചിന്തിക്കാൻ ക്ഷമയുണ്ടായിട്ടില്ലെന്നും പറഞ്ഞു സാഹിത്യപഞ്ചാനനനെ സോല്ലുണ്ഠനം ഖണ്ഡിക്കുന്ന ശ്രീമാൻ മല്ലിനാഥൻ നിഘണ്ടുക്കളുടെ സാഹായ്യമവലംബിച്ചുമാത്രമാണു് ശബ്ദങ്ങളുടെ സാധുതാസാധുതാശാസനത്തിന്നൊരുമ്പെട്ടിരിക്കുന്നതു്; അല്ലാതെ വ്യാകരണശാസ്ത്രജ്ഞാനംകൊണ്ടല്ല എന്നതു സുവ്യക്തമാണു്. പോരെങ്കിൽ,

മല്ലിനാഥന്റെ അതേ 'ഭാഷാവിഷയ'ത്തിൽത്തന്നെ ക്ഷണനശബ്ദത്തെ സംബന്ധിച്ചുള്ള പ്രസ്താവത്തിൽ "ക്ഷണ് ധാതുവിൽ അൻ ചേർത്തു ക്ഷണനമെന്ന നാമമുണ്ടാക്കാം" എന്നും മലേയശബ്ദത്തെ സംബന്ധിച്ചുള്ള പ്രസ്താവത്തിൽ "മാലാശബ്ദത്തിൽനിന്നുണ്ടാകുന്ന മലേയശബ്ദമാണ് മാരുതനിൽ കാണുന്നതെന്നു വിചാരിക്കാൻ തരമില്ല." എന്നും ക്രൂസൽക്രൂടാതെ ഉദ്ഘോഷിച്ചിരിക്കുന്നതു് അതിലേക്ക് ഉപോദ്ബലവുമാണ്. 'ക്ഷണ്'ധാതുവിൽ 'അൻ' എന്നതു ചേർത്താൽ 'ക്ഷണന'മെന്നും മാലാശബ്ദത്തിൽ 'ഢ' പ്രത്യയം ചേർത്താൽ 'മാലേയ'മെന്നും രൂപം സിദ്ധിക്കാമെന്നു വ്യാകരണശാസ്ത്രത്തിൽ സ്വല്പമെങ്കിലും ജ്ഞാനമുള്ളവർ സംഭാവനം ചെയ്യുമോ?

ഇങ്ങിനെയിരിക്കെ, ശിരോമണി ശ്രീമാൻ പി. കൃഷ്ണൻ നായർ 'മണിപ്രവാളസ്വരൂപം' എന്നതിന്റെ ഉപന്യാസത്തിൽ (രാജർഷി പുസ്തകം 7 ലക്കം 1) മലയാളിമല്ലിനാഥന്റെ ഢപ്രത്യയശാസനത്തെ "ദിവംഗതനായ സാക്ഷാൽ മല്ലിനാഥനു ചിത്രാംഗദന്റെ സ്വഭാവമില്ലാതെ പോയതു ഭാഗ്യമായി" എന്നിങ്ങിനെ കളിയാക്കിയിരിക്കുന്നതു ഉചിതമല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. പക്ഷേ, വാദപ്രിയനായ ശ്രീമാൻ നായർ അതു സമ്മതിക്കയില്ലായിരിക്കാം. ഒരു പ്രൊഫസർ "ഉത്തരരാമചരിതം ശാകുന്തളാനുകരണമാണോ?" എന്ന തന്റെ ലേഖനത്തിൽ, ഭവഭൂതി സ്വകൃതിയിൽ നിബന്ധിച്ചിരിക്കുന്ന വധയുദ്ധാങ്ങൾ ശാസ്ത്രനിഷിദ്ധങ്ങളാണെന്നു പ്രവചിച്ചിരിക്കുന്നതിനെ കടാക്ഷിച്ചുകൊണ്ടു മദ്ധ്യമവ്യായോഗത്തിന്റെ ആമുഖംവഴിക്കു, സ്ഥാനവും ബിരുദവും മററും കണ്ടു വഞ്ചിതരാവരുതെന്നു വിദ്യാൎത്ഥികൾക്കു മുന്നറിവുകൊടുക്കുന്ന ശ്രീമാൻ നായർ അത്തരം കാരണം കാണിച്ചു ഈ വിഷയത്തിലും വാദത്തിന്നു വന്നുക്രൂടെന്നില്ല. എങ്കിലും ശകാരൻ മൃച്ഛകടികത്തിൽ എന്തെല്ലാം എത്രയെല്ലാം അസംബദ്ധങ്ങളാണ് പുലമ്പിക്കാണുന്നതു്? അതുകൊണ്ടിതുവരെ വിദ്യാൎത്ഥികളോ മററു വല്ലവരോ വഞ്ചിതരായിക്കാണുകയോ കേൾക്കുകയോ ഉണ്ടായിട്ടുണ്ടോ? മേലിൽ ഉണ്ടായിക്രൂടെന്നില്ല എന്നാണെങ്കിൽ അതിനെക്കുറിച്ചല്ലേ മുമ്പിൽ ആക്ഷേപിക്കേണ്ടതു്? ശ്രീമാൻ നായർ അങ്ങിനെ ചെയ്യാതെ മല്ലിനാഥനെ മാത്രം പിടികൂടിയതു ന്യായ്യമോ ധൎമ്മ്യമോ ആകുമോ? എന്നൊരു ചോദ്യം എനിക്കും ചോദിക്കാതെ കഴികയില്ല.

ഈ സ്ഥിതിക്കു്, മല്ലിനാഥൻ ഏതോ ഒരു വൈയാകരണൻ കാട്ടിക്കൊടുത്ത 'തസ്യേദമിത'ത്തെ ഉറപ്പില്ലാതെയാണെങ്കിലും ഗത്യന്ത

രമില്ലായ്കയാൽ അവലംബിച്ച 'കിഞ്ചില്ക്ലേഷ'ത്തെ മുൻനിറുത്തി അതിൽനിന്ന 'വ്യക്തിവിദേവഷത്തിന്റെ ദുർഗ്ഗന്ധം പൊങ്ങുവാനിടയുള്ള ദുർവ്യാപാര'ത്തിന്ന ഓങ്ങിവെച്ചതിലും ബ്രഹ്മശ്രീ പി. എസ്. അനന്തനാരായണശാസ്ത്രി അവർകാം തന്നെ സഹായിപ്പാൻ പ്രകടമായൊരു മ്പേട്ടതു കണ്ടുദപ്പാ०० അതു തുടങ്ങിയതിലും ആൎക്കും ആശ്ചൎയ്യപ്പെടുവാനമില്ല.

തുടരും.

ബിരുദമുള്ള ഒരു വൈയാകരണൻ.

## മൃത്യു. *

എന്നുടെ കവാടത്തിൻമുന്നിലായ് വീണ്ടും വീണ്ടും
വന്നിട്ടുണ്ടുഴലിന്റെ കാളമാം നിശീഥിനി
ആയുധമതിൻപക്കലൊന്നുമാത്രം തനുള്ള-
തായതോ, കണ്ടേനഹം ക്ലേശത്തിൻവികൃതാസ്യം,
ഭയത്തിൻഭീഭത്സമാം ഗോഷ്ഠി,തൻതമസ്സിങ്കൽ
സ്വയമേ ചെയ്യാൻ പോകും ചതിവിൻ പൂൎവരംഗം.
എന്നെല്ലാം വിശ്വസിച്ചേനയതിൻകൃത്രിമാസ്യ-
മന്നെല്ലാം പിണഞ്ഞുമേ നിഷ്ഫലം പരാജയം.
ജീവിതത്തിന്റെ വെറും വ്യാമോഹം മാത്രമല്ലോ
തോൽവിയും വിജയവും ചേരുമീ വിളയാട്ടം;
ക്ലേശത്തിന്നുപഹാസം തികഞ്ഞുള്ളൊരിബ്ഭൂതം
ശൈശവംതൊട്ടുപററിക്കൂടുന്നു ദിനംപ്രതി
വിവിധഭയങ്ങൾതൻചരമാംതിരശ്ശീല-
ചിതറും തമസ്സിങ്കൽ മൃത്യു തീൎത്തിടുംശില്പം.

പ്രൊഫസ്സർ, പി. ശങ്കരൻ നമ്പ്യാർ, എം. എ.

* ടാഗോറിന്റെ അന്തിമകൃതിയായ "Death" എന്ന കവിതയുടെ പരിഭാഷ.

## സരസകവി ചങ്ങരങ്കോത കൃഷ്ണൻകത്താ അവർകളുടെ ഷഷ്ട്യബ്ദപൂൎത്തിമഹാമഹം.

വിശ്വവിശ്രുതന്മാരും സാഹിത്യരസികാഗ്രേസരന്മാരും ആയ മ. മ. ശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ നേതൃത്വത്തിൽ ഒരു കാലത്തു് ഒരു വലിയ സാഹിത്യസദസ്സു നടന്നിരുന്നു. ആ സദസ്സിൽ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു്, നടുവം, വെണ്മണിമാർ, ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയ സരസകവികൾ സാഹിത്യനായകന്മാരുമായിരുന്നു. അക്കൂട്ടത്തിൽ ആടിപ്പാടി പേരെടുത്ത ഒരു യഥാൎത്ഥവാസനാ

കവിയാണ് ശ്രീ ചങ്ങരംകോത കൃഷ്ണൻ കർത്താ അവർകൾ. ഏതു വൃത്തത്തിലും ഒരു മണിക്കൂറിൽ നൂറും നൂറയ്മ്പതും പ്രൗഢപദ്യങ്ങൾ എഴുതാൻ അദ്ദേഹത്തിനു് ഒരു വിഷമവുമില്ല. ഭർത്തൃപരിത്യക്തയായ ശകുന്തള, സീമന്തിനി, അഭിമന്യു മുതലായ അനേകം ഖണ്ഡകാവ്യങ്ങൾ എഴുതി അദ്ദേഹം പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. സർവ്വകലാവല്ലഭനായ രാജർഷി തിരുമനസ്സിലെ അപദാനങ്ങളെ കീർത്തിക്കുന്നതായ ഒരു മഹാകാവ്യവും ആ സരസകവി എഴുതിവെച്ചിട്ടുണ്ട്. മഹാകവി ഉള്ളൂർ, മഹാകവി വള്ളത്തോൾ, മഹാകവി കുട്ടമത്ത്, തുടങ്ങിയ പലരുടെയും ഷഷ്ട്യബ്ദപൂർത്തിമഹാമഹം അടുത്തകാലത്തു് ഭംഗിയായി കഴിഞ്ഞുകൂടി. ഇതാ ഈ പുണ്യശ്ലോകന്റെയും ഷഷ്ട്യബ്ദപൂർത്തി മഹാമഹവും ഈ മാസം 11-ാംനു- ഭംഗിയായി കഴിഞ്ഞിരിക്കുന്നു. ഞങ്ങളുടെ ഉത്തമമിത്രവും രാജർഷിതിരുമനസ്സിലൊട്ട് ഭക്തിവിശ്വാസബഹുമാനങ്ങളും അവിടുത്തെ സ്മരകങ്ങളെപ്പറ്റി സ്മരണയും ഉള്ള ശ്രീ ചങ്ങരംകോത കൃഷ്ണൻ കർത്താ അവർകൾക്ക് ഈ ശുഭാവസരത്തിൽ സർവ്വമംഗളങ്ങളും അരുളുവാനും ആ മഹാനുഭാവൻ അരോഗദൃഢഗാത്രനായി ചിരകാലം വാഴുവാനും സർവ്വശക്തനായ ജഗദീശ്വരൻ കടാക്ഷിക്കുമാറാകട്ടെ എന്നു് ഞങ്ങൾ ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊള്ളുന്നു.

ചരമം.

## രാജശ്രീ
## കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ അവർകൾ.

ഞങ്ങളുടെ ഉത്തമമിത്രവും ഒരു നല്ല അഭിഭാഷകപ്രമാണിയുമായി വളരെക്കാലം ഇവിടെ (തൃശ്ശിവപേരൂർ) പ്രാക്ടീസുചെയ്തിരുന്ന മാന്യനും, ഒരു തികഞ്ഞ സാഹിത്യകാരനും പ്രഖ്യാതനായ ഉദാരമതിയും ആയി പ്രശോഭിച്ച രാജശ്രീ കണ്ണമ്പ്ര കുഞ്ഞുണ്ണി നായർ ബി എ, ബി. എൽ. അവർകൾ ഇക്കഴിഞ്ഞ കന്നി 25-ാംനു- ശനിയാഴ്ച അവിചാരിതമായി ചൊവ്വരപ്പുഴയിൽ വീണു ദിവംഗതനായ വിവരം അറിയുന്നതിൽ ഞങ്ങൾക്കുള്ള നിസ്സീമമായ സങ്കടത്തെ ഇവിടെ കണ്ണീരും കയ്യുമായി രേഖപ്പെടുത്തിക്കൊള്ളുന്നു. ഞങ്ങളുടെ രാജർഷിമാസികയെ എന്നല്ല രാജർഷി കലാനിലയത്തിന്റെ അഭിവൃദ്ധിയെ കൗതുകത്തോടുകൂടി വീക്ഷിച്ചും കാംക്ഷിച്ചുംകൊണ്ടിരിക്കുന്ന മഹാശയനാണദ്ദേഹം. കുറച്ചുകാലമായി ഇദ്ദേഹം ഇവിടുത്തെ അഭിഭാഷകവൃത്തിവിട്ടു് വടക്ക് "തുത" എന്ന സ്ഥലത്തുള്ള വീട്ടിക്കാട്ടിൽ താമസിച്ചുവരികയായിരുന്നു. കഴിഞ്ഞ കൊടുങ്കാറ്റുമൂലം വീടിനു് കേടുപറ്റുകയാൽ അദ്ദേഹം ഇവിടെ (തൃശ്ശൂർ) തിരുവമ്പാടി ക്ഷേത്രത്തിനു വടക്കുവശത്തു് ഒരു സ്ഥലം സ്വന്തമായി വാങ്ങി. തന്റെ രണ്ടു പുത്രന്മാരോടുംകൂടി സുഖമായി താമസിച്ചുവരവേയാണ് ഈ സംഭവം ഉണ്ടായതു്. മൂത്തപുത്രനായ കരിമ്പറ്റ ബാലകൃഷ്ണമേനോനവർകൾ പതിനെട്ടു ഭാഷകളോളം അറിയാവുന്ന ഒരു സാഹിത്യരസികനാണ്. രണ്ടാമൻ ബി. എ. പാസായിരിക്കുന്നു.

ഐഹികമായും ആമുഷ്മികമായും യാതൊരു പാപവും ചെയ്യാത്ത ഒരു പുണ്യാത്മാവാണിദ്ദേഹമെന്നു് ആരും സമ്മതിക്കും. അങ്ങനെയുള്ള ഈ വിശിഷ്ടാശയനു് ഇങ്ങനെയൊരു വിയോഗത്തിനുണ്ടായ ഹേതു എന്തെന്നു് ഇന്നും അജ്ഞാതമാണ്. "അലംഘനീയം കമലാസനാജ്ഞാം" എന്നു സമ്മതിക്കയല്ലാതെ ഗത്യന്തരമില്ലല്ലൊ. ഇദ്ദേഹത്തിന്റെ ബന്ധുജനങ്ങൾക്കു നേരിട്ട തീരാവ്യഥയിൽ ഞങ്ങളും നിർവ്യാജം വ്യസനിക്കുകയും ഈ പുണ്യാത്മാവിനു് നിത്യശാന്തി നേരുകയും ചെയ്തുകൊള്ളുന്നു.



നാടുവാണരുളുന്ന നമ്മുടെ പൊന്നുതമ്പുരാൻ
തിരുമനസ്സുകൊണ്ടു്.

Block by courtesy "The Panchajanyam."

# തിരുനാൾമംഗളം.

ക്ഷേമം കാലിണക്കൂപ്പുവോർക്കരുളിടും പൂർണ്ണത്രയീനായകൻ
പൂമങ്കയ്ക്കൊടയോരു പൂർവ്വസുകൃതപ്പൂർണ്ണായ വിശ്വംഭരൻ
സാമർത്ഥ്യത്തോടു മാടഭൂജനതയെപ്പാലിച്ചുശോഭിക്കുമി-
ശ്രീമൽകേരളവർമ്മദേവനു ചിരം ശ്രേയസ്സു നല്കേണമേ!

ഉള്ളൂർ.

വിശ്ലേഷാസഹയായ ലക്ഷ്മിയെയകല്ക്കണ്ണീർതുടച്ചാശ്വസി-
പ്പിച്ചു, പൂർവ്വികർപോലെ താപസപദം പ്രാപിച്ച രാജർഷിയെ
സൂക്ഷ്മാത്രത്തോടു പിന്തുടർന്നു പെരുമാക്കന്മാരിൽ മൂന്നാമനി-
ക്കൊച്ചിക്ഷ്മാരമണൻ ജയിയ്ക്കു, സുചിരം ദ്വേധാ നരേന്ദ്രാഗ്രിമൻ!

വള്ളത്തോൾ.

കാശ്ചിന്നാനാഗമാർത്ഥഗ്രഥനബഹുഗുണാ ദൃഷ്ടയോ നഷ്ടനിദ്രാഃ
കേപ്യേതേ സൌരസാരസ്വതവിമലതപഃപാകകാലപ്രഭാവാഃ
അത്രൈഷാ സാധുലോകോപരി പരിലസിതാ കാപി കല്പദ്രുമശ്രീഃ
ശ്രീമന്മാടക്ഷിതിക്ഷിദ്വലമഥനമയം വസ്തു സത്യാപയന്തി.

വടക്കേപ്പാട്ടു നാരായണൻ നായർ.

സല്ലാവണ്യം, ഗഭീരപ്രകൃതി, യൊരുവകക്കാർക്കുമുള്ളിൽകരേറി-
ച്ചെല്ലാൻ വയ്യായ്ക, കീർത്തിത്തിരയുടെ കളിയാട്ടങ്ങൾ, കാളുംപ്രഭാവം
നില്ലാതുള്ളോരു കേറ്റം, കരകവിയുകയില്ലാത്ത നല്ലോരടക്കം
പൊല്ലാമീമാടധാത്രീധവനിഹ വിജയിക്കുന്നു വാരാശിപോലെ.

ഏവം കേരളവർമ്മഭൂപരിവൃഢൻ രാജിപ്പു; രാജ്യംഭരി-
ച്ചവർക്കും സുഖമേകിടുന്നു; നൃപതിയ്ക്കായുസ്സുമാരോഗ്യവും
ഭാവംമാറരുതൊത്തുചേർന്നു സതതം പ്രാർത്ഥിക്കണം നമ്മളാ-
ശ്രീവത്സാങ്കനൊടാ, ജ്ജഗൽഗ്ഗുരു സദാ ഭക്തർക്കു ഭവ്യപ്രദൻ.

നടുവത്തു മഹൻ നമ്പൂരി.

കാലക്ഷാമം കഴപ്പും പലതതിഭയദം കാറ്റിവയ്ക്കുള്ളിലാപ്പെ-
ട്ടാലംബംവിട്ടു നട്ടംതിരിവൊരുജനതയ്ക്കുള്ളലിഞ്ഞെത്തുവീരൻ
ആലസ്യംവിട്ടു വസ്ത്രം പണമരിയിവനൽകുന്നതമ്മാടധാത്രീ-
പാലൻ പൂർണ്ണത്രയീനായകപുരുകരുണാസാരപൂരം ജയിപ്പൂ.

ക്ഷേത്രാചാരങ്ങൾ വർണ്ണാശ്രമനിലയിവയെക്കേടുകൂടാതെ കാപ്പോ-
രുത്രാടം മാടഭൂപാലകനഖിലജഗത്സമ്മതൻ സാധുശീലൻ
ഉൾത്രാസംവിട്ടുരാജ്യച്ചുമതല ചുണയോടേറ്റു, നാകം ഭരിക്കും
സുത്രാമാവെന്നവണ്ണം സുഖമൊടരുളണം സംഗമേശപ്രസാദാൽ

നടുവത്തു ശങ്കരൻ നമ്പൂരി.

വിദ്യാനൈപുണ്യമുഖ്യൈർവിമലഗുണഗണൈർവിശ്രവിഖ്യാതകീർത്തേ-
ത്ത്യുച്ചസ്ഥാനസ്ഥവൃത്തേർവിഭവഭരിതമപ്യദ്രിസൌധാഗ്ര്യമാരാൽ
മുക്തൈശ്രവേദധാന്യവിത്തവ്യയമധികമിഹ പ്രാക്തനംരുന്ധതോപി
സൈ്വരം ദീനാവനാർത്ഥം ദിനമനു വിവിധം കുർവ്വതസ്സർവ്വഭവ്യം

ക്ഷോണീശസ്യാസ്യമാടാനശ്രയമകുടമണേഃ 'കേരള'ാഖ്യാഞ്ചിതസ്യ
പ്രഖ്യാതേത്രാഷ്ടസപ്തത്യഭിമിതജനനർക്ഷോത്സവേ,ഹം വിശേഷാൽ
ദൂരസ്ഥഃ പൂർണ്ണവേദേശ്രരചരണമനുസ്മൃത്യ സമ്പ്രാർത്ഥയേ യേ
സ്വാമീ ഭൂമീശ്രരോവ്യാത് സുചിരമവനിമക്ഷീണ'ലക്ഷ്മീ'ശരോക്ഷ്യം.

സാഹിത്യനിപുണൻ, എം. കുഞ്ഞൻ വാരിയർ.

പ്രേമാധിക്യം കലർന്നീ പ്രജകളെ വിധിവത്ത്രാണനംചെയ്തുവാഴും
ധീമാനാകുന്നഗോശ്രീവരനുടെ തിരുനാളുത്സവംതാനിദാനീം
ഇൗ മാന്യാത്മാവനേകാണ്ടിനിയുമവനിയെക്കാത്തുരപത്തും ലസിപ്പാൻ
പൂമാതിൻപുണ്യസാരം പുരുകരുണപൊഴിക്കട്ടെ പൂർണ്ണത്രയീശൻ.

ചങ്ങരംകോത കൃഷ്ണൻ കർത്താ.

ശ്രീപൂർണ്ണവേദപുരനാഥകൃപാകടാക്ഷ-
ശ്രീലാസ്യഭൂമിരതിലോകഗുണൈർമ്മഹീയാൻ,
ആത്തൈകബന്ധുരജിതശ്രിതകല്പദാരു-
രാഭാത്യശേഷവിഷയൈഷ നരേന്ദ്രമൌലിഃ

യം പ്രാപ്യ ഭൂഃ പതിമശേഷബുധാഭിവന്ദ്യം
ലക്ഷ്മീപതിതശ്രമകരോദധികോപപന്നാം
സൈ്യഷ പ്രജാവനസമുത്സുകധീഃ പ്രശാന്ത-
ഗംഭീരഭാവജിതവാരിനിധിർവിഭാതി.

ശാസ്ത്രാബ്ധിസഞ്ചയമനുക്ഷണമാദരേണ
മഥ്നൻ കുശാഗ്രധിഷണോഽഖിലസാരഭംഗീ,
ശിഷ്യാപ്തിതാഗമരഹസ്യസുധാവിഭൂതി-
ർജ്ജേജീയതേ ക്ഷിതിവലാരിരയം ഹതാരിഃ

ശ്രീകേരളക്ഷിതിഭൃതാ നയകോവിദേന
ഗോശ്രീധരേയമനിശം പരിരക്ഷ്യമാണാ
പുഷ്ടിം പ്രയാത്യനുപമാം പുരുഹൂതമിത്രേ-
ണാപാദിതാഖിലസമൃദ്ധിരനുക്രമേണ.

ഭൂപാല ഏഷ ജയതാത്സുചിരം പ്രജാനാം
ക്ഷേമോദയായ സുദൃഢാഭിനിവിഷ്ടചേതാഃ
ശ്രീവിഷ്ണുപാദകൃതധീരനുവേലമുർവ്യാഃ
സംരക്ഷണാദുപചിതാമലകീർത്തിരാശിഃ.

വൈദ്യൻ, പി. വാസുദേവൻ നമ്പീശൻ.

പേരഞ്ചുന്ന പെരുമ്പടപ്പുപെരുതായാജ്ജിച്ച പുണ്യത്തിനാ-
ലീരാജൽക്കുലവല്ലിതന്നിലുളവായോരീ ലസൽസ്സൽസ്സുമം;
സാരാനല്പപദയാധി, "കേരള"ധരാനാഥൻ, നയജ്ഞോത്തമൻ,
നേരായ് മാടധരയ്ക്കുണയ്ക്കുണമനാതങ്കം സുഖം മേൽക്കുമേൽ!

എം. എസ്സ്. മേനോൻ ഡി. കോം., എറണാകുളം

ഭാഷാപുഷ്ടിവരുത്തുവാനിവിടെയീജാതിക്രമം നോക്കയാൽ
ഭാഷാദേവി വലഞ്ഞിടുന്നു; ശിശുപാഠംതൊട്ടുകഷ്ടത്തിലായ്
ദോഷാദപേത"മനന്തശാസ്ത്ര"വിബുധന്മാരെത്തിരഞ്ഞിസ്സഭാ-
ദോഷംനീക്കി ജയിക്കണേ! സുചിരമീ ശ്രീമാടഭൂമീധവൻ.

രാജഷി.

ദുവ്വാരാഹതിയേററുതെല്ലു തലപൊക്കാൻകൂടി വയ്യാതെയായ്
ഗീവ്വാണീമണിയിന്നനാഥനിലയേ പ്രാപിച്ചിടുന്നു പരം
സവ്വാഭീഷ്ടദയായിടുന്നൊരവളെക്കാരുണ്യപൂരത്തിനാൽ
പൂവ്വാവസ്ഥയിലാക്കിവാഴ്ക ചിരമീ ഗോശ്രീധരാധീശ്വരൻ.

കടമംളൂർ, കെ. കെ. ഗോപാലപിള്ള

ഗോശ്രീസാഗരമേഖലാനിടിലസത്സൌഭാഗ്യദീപായിതം
വണ്ണാനാമനുരഞ്ജനാത് സുമഹിതം സദ്വൃത്തസമ്മോഹനം
വിജ്ഞാനാഞ്ജനരാജിതം സുവിലസല്ലക്ഷ്മീവിലാസോജ്വലം
പായാത് കേരളവമ്മനാവ്യതിലകം ഗോശ്രീപതിഃ ശാശ്വതം.

ദാരിദ്ര്യദവീകരപീഡയാ മേ
ഭൂരത്ര ഭൂയാദ്രഹിതേത്യുദാരഃ
ഭൂരിപ്രദാനാർദ്രകരോ നരേന്ദ്രഃ
സൂരിപ്രവീരോസ്തു സുഖീ ശതായുഃ.

രാജഷി സംസ്കൃതപാഠശാല.

ശ്രീമത്കേരളഭൂമുഖായിതമഹാഗോശ്രീലലാടാഞ്ചിതം
ശ്രീലശ്രീവിധുവത്സുവൃത്തരുചിരം സന്മാനസോന്മേഷകം
ശ്രീലക്ഷ്മീനിലയം ലയം സുമനസാമത്പാദയന്മോഹനം
ശ്രീശോസ്മന്നവരാജഭവ്യതിലകം പായാദപായാച്ചിരം.

വാതാദിബാധാതുരരക്ഷണായ
ജാതാദരഃ സ്വൌഷധദാനലോലഃ
ഭൂതാനുകമ്പാജിതസൌഗതോയം
ഭൂയാത് ഭിഷഗ്ഭൂമിപതിശ്ചിരായുഃ.

രാജഷി വായനശാല.

സംപൂർണ്ണേ സുഖമഷ്ടസപ്തതിതമേ ജന്മർക്ഷപുണ്യോത്സവേ
യസ്യൈശ്വര്യനിധേഃ കൃപാജലനിധേസ്തുഷ്യന്തി സർവ്വേ ജനാഃ
യൽകീർത്തിർദ്ധവളീകരോതി ഭുവനം ലോകോത്തരൈസ്സൽഗ്ഗുണൈ-
സ്സോയം കേരളവർമ്മമാടനൃപതിർജ്ജീയാൽ സദാരശ്ചിരം.

പി. കെ. നാരായണൻ നമ്പീശൻ.

"ക്ഷേമാദീന്യാവഹന്ത്യഃ" കലിമലരഹിതസ്സ്വപ്രജാദുഃഖദവത്താ
ധീമാന്ദ്വേധാ നരേന്ദ്രോ വിഷവിവശജനപ്രാണരക്ഷാത്തദീക്ഷഃ
ലക്ഷ്മീവാൻ കേരളാഖ്യസ്സുകൃതിനൃതപദശ്ചായുരാരോഗ്യസൌഖ്യൈ-
ർജ്ജീയാൽ ഗോശ്രീനൃപോസ്മൽപുരുസുകൃതഫലം സോയമാചന്ദ്രതാരം.

ദാരിദ്ര്യം നൃത്തമാടുന്നാളവരിയ കൊടുങ്കാററുമൂക്കോടെ വീശി-
പ്പാരിൽ സർവ്വം നശിച്ചങ്ങിനെ വലയുമൊരീ നാട്ടുകാർക്കായ മോദാൽ
വാരിക്കോരിക്കൊടുത്തു പണ,മരി, വസനം മററുമോരോ പദാർത്ഥം;
ഭൂരിശ്രീചേർന്നോരക്കേരളനൃപതിവരൻ വാഴ്ക നീണാൾ സസൌഖ്യം.

പാരിക്കന്നാമയത്താലധികവിവശരായോടിയെത്തും ജനൌഘം
നേരിട്ടോതുന്ന കഷ്ടസ്ഥിതികളഖിലവും കേട്ടുടൻ സ്നേഹപൂർവ്വം
ആരിന്നാശ്വാസമേകം തിരുമൊഴിയരുളീട്ടാർത്തസംരക്ഷ ചെയ്‌വൂ;
പാരിൽപ്രഖ്യാതനക്കേരളനൃപതിവരൻ വാഴ്ക നീണാൾ സസൌഖ്യം.

കാലത്തിന്നൊത്തുവേണം പലതുമിഹ പരിഷ്കാരമെന്നാകിലും തൽ-
ക്കാലം തോന്നുന്നതെല്ലാമുടനടി നിയമംചെയ്തു ശാസിപ്പതായാൽ
ചേലല്ലാതെല്ലുമെന്നോർത്തതിനു ധൃതിപിടിക്കാതെ രാജ്യം ഭരിക്കും
ശീലം കൈക്കൊള്ളുമക്കേരള നൃപതിവരൻ വാഴ്ക നീണാൾ സസൌഖ്യം.

ഈ രാജ്യം ചെറുതാകിലും മുതലെടുപ്പൊന്നോക്കിലിന്നിന്ത്യയിൽ
പേരാളുന്നൊരു രാജ്യമാണ,തു യഥാന്യായം ഭരിച്ചീടുവാൻ
പാരാതേറെ മിടുക്കനെന്ന ബിരുദം കാലേ സമാർജ്ജിച്ചൊരീ
ധീരാഗ്രേസരകേരളാഖ്യധരണീനാഥൻ ചിരം വാഴണം.

എളേടത്ത് തയ്ക്കാട്ട് നീലകണ്ഠൻ മൂസ്സ്.

പാണ്ഡിത്യേന നിജേന യഃ "പട്ട"രിതിഖ്യാതഃ സ്വബാല്യേപി,യോ
ദാരിദ്ര്യസ്യ ദരിദ്രതാമിഹ കരോത്യാത്മപ്രജാനാം ധനൈഃ
ഗോശ്രീർയ്യേന വിരാജതേ നൃപതിനാ "ഗോശ്രീ,"രനാഡംബരഃ.
സോയം "കേരളവർമ്മ"ഭൂപതികുലോത്തംസശ്ചിരം ജീവതു.

V ശാന്ത V ശ്രാന്ത V ശിഷ്ടകീർത്തിഃ
V ശുദ്ധ V ജ്ഞാന V നീതബുദ്ധിഃ
V ശിഷ്ട V ശാർക്ഷജഭൂപമൂർത്തിഃ
V രാജതാത് V ച്യുതസജ്ജനാർത്തിഃ

കാവ്യഭൂഷണം, എം. എൽ. നാരായണമേനോൻ.